## സ്വാതന്ത്ര്യദിനാശംസകൾ

1 ആഗസ്റ്റ് 2019
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ
കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം


വില: ₹17.00


# യുറീക്ക






# നക്ഷത്ര ആമ





**എസ് രാജ രാജൻ**

ചിത്രീകരണം: രഘുനാഥ് കൊഴക്കല്ലൂർ

നക്ഷത്രങ്ങൾ തുന്നിച്ചേർത്ത കുപ്പായമിട്ട് ഒരാൾ നിൽക്കുന്നത് കണ്ടില്ലേ? അതെ, ഇതാണ് നക്ഷത്ര ആമ. പുറന്തോട് നിറയെ നക്ഷത്ര ചിത്രമുള്ളതുകൊണ്ടാണ് ഈ കുഞ്ഞാമകൾക്ക് നക്ഷത്ര ആമ എന്ന പേരു കിട്ടുന്നത്.



വെറും പത്തിഞ്ച് മാത്രമേ ഇവയ്ക്ക് വലിപ്പമുണ്ടാവൂ. നക്ഷത്രാകൃതിയിലുള്ള കറുത്ത പുറന്തോടിൽ മഞ്ഞ വരകൾ കാണാൻ നല്ല രസമാണ്. പുറന്തോടിൽ തന്നെ ചില ഭാഗങ്ങൾ ഉയർന്നുനിൽക്കുന്നതായും കാണാം. എല്ലാം കൊണ്ടും കാഴ്ചയ്ക്ക് ഒരു കുഞ്ഞു ശിൽപ്പം പോലെ തോന്നും.

നക്ഷത്ര ആമകൾ പൊതുവെ സസ്യഭുക്കുകളാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മാത്രം കാണുന്ന നക്ഷത്ര ആമകളുടെ പ്രധാന ശത്രു ആരെണെന്നോ? മനുഷ്യൻ തന്നെ!



നക്ഷത്ര ആമയെ പിടിക്കുന്നതും വിൽപ്പന നടത്തുന്നതും നിയമംമൂലം നിരോധിച്ചിട്ടുണ്ട്. എന്നാലും, അനധികൃതമായി ഇവയെ ധാരാളം കയറ്റി അയയ്ക്കുന്നുണ്ട്. ഇതിനെതിരെ നാമോരോരുത്തരും പ്രതികരിക്കേണ്ടതാണ്.

2019
ആഗസ്റ്റ് 1
വാല്യം: 41
ലക്കം: 5

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

# യുറീക്ക
കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക
1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly
ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

കത്തുകളും രചനകളും അയയ്ക്കേണ്ട വിലാസം:
എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

അറിവ് ആഹ്ലാദമാക്കിയ അമ്പത് വർഷങ്ങൾ



## ലേഖനങ്ങൾ

8. വിശന്നിട്ടുവയ്യ :
കെ.ടി.രാധാകൃഷ്ണൻ

12. ആ മനോഹര സ്വാതന്ത്ര്യ സ്വർഗമായ്... :
എം.ഗീതാഞ്ജലി

32. ഈ പുസ്തകൊക്കെ അടുക്കി വെച്ചിട്ടെന്താ കാര്യം? :
ഡോ.സംഗീത ചേനംപുല്ലി

## കവിത

11. ചേർന്നാൽ :
പ്രേമജാ ഹരീന്ദ്രൻ

34. അമൃതം :
പാപ്പച്ചൻ കടമക്കുടി

## കുറിപ്പ്

19. ദി ഐസ് & പോൾബെയർ :

## കാർട്ടൂൺ

24. 'ആഡും' 'ആസും' :

## കഥ

6. ചിറകുകൾ:
സിന്ധു എൻ പി

## മത്സരം

14. സമരാഗ്നിയുടെ ആളിക്കത്തൽ പിന്നെ, സ്വാതന്ത്ര്യപ്രഖ്യാപനം :
ഷിൻ ഷിൻ

20. അകത്തളം അടിപൊളിയാക്കാം :
രാധാകൃഷ്ണൻ ആലുവീട്ടിൽ

31. വേനലിൽ പൂക്കുന്നവർ
(തെരഞ്ഞെടുത്ത രചനകൾ)

38. കല്യാണം കൂടാം സമ്മാനോം വാങ്ങാം
(തെരഞ്ഞെടുത്ത രചനകൾ)

## നോവൽ

28. അമ്മ മണമുള്ള കനിവുകൾ :
ഇ എൻ ഷീജ

ചിത്രീകരണം: രഘുനാഥ് കൊഴക്കല്ലൂർ



## ഓർമ – യുറീക്ക @ 50

40. കുടയെന്തിനാ? :
രാമകൃഷ്ണൻ കുമരനല്ലൂർ

## പംക്തികൾ

2. അറിയാം പഠിക്കാം
22. കാഴ്ചപ്പുറം
24. ഞാറ്റടി
35. പീക്കിരി.ഇൻ
42. മണിമുത്തുകൾ

## കവർ

രാജീവ് എൻ ടി

വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട്–673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.

**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ–ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.

# മുഖക്കുറി

*എല്ലാ കൂട്ടുകാർക്കും യുറീക്കയുടെ സ്വാതന്ത്ര്യദിനാശംസകൾ...*

ഇഷ്ടമുള്ളതുപോലെ ജീവിക്കാൻ, ഇഷ്ടമുള്ളതൊക്കെ ചെയ്യാൻ, അതിരുകളില്ലാത്ത സ്വാതന്ത്ര്യം വേണം; അല്ലേ? നമ്മൾ സ്വതന്ത്രരായിട്ട് 72 വർഷം കഴിഞ്ഞു. എന്നാൽ ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോയതോടുകൂടി നാം സ്വതന്ത്രരായി എന്ന് പറയാമോ? നമ്മുടെ സ്വാതന്ത്ര്യം അതിരുകളില്ലാത്തതാണെന്ന് പറയാമോ? ആലോചിച്ചുനോക്കൂ.. നമ്മുടെ ഇഷ്ടത്തിന് വേണ്ടി ചെയ്യുന്ന ഒരു കാര്യം മറ്റൊരാൾക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചാലോ? അത് അവരുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നതായാലോ? അങ്ങനെ വരാൻ പാടില്ല എന്നു തന്നെയാണ് ഉത്തരം.

പട്ടാള ഭരണവും ഏകാധിപത്യഭരണവുമെല്ലാമുള്ള നാടുകളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവുമല്ലോ? അവിടെ സ്വാതന്ത്ര്യമില്ല.

---

*സ്വാതന്ത്ര്യം പ്രമേയമായി വരുന്ന ഈ ലഘു വീഡിയോകൾ കണ്ടുനോക്കൂ. അഭിപ്രായം യുറീക്കയെ അറിയിക്കണേ...*

# സ്വാതന്ത്ര്യം തന്നെ ജീവിതം



പിന്നെ എവിടെയാണ് സ്വാതന്ത്ര്യമുള്ളത്? ജനങ്ങൾ ഒത്തൊരുമയോടെ ജീവിക്കുമ്പോൾ; ഒരാൾ മറ്റുള്ളവരുടെ കാര്യം കൂടി പരിഗണിക്കുമ്പോൾ... എല്ലാവർക്കും വേണ്ടത് ഒന്നിച്ച് തീരുമാനിക്കുമ്പോൾ. മറ്റൊരുതരത്തിൽ പറഞ്ഞാൽ സമൂഹത്തിൽ ജനാധിപത്യം ഉണ്ടാകുമ്പോഴാണ് സ്വാതന്ത്ര്യം നിലനിൽക്കുന്നത്. ജനാധിപത്യം എന്നുപറഞ്ഞാൽ വോട്ട് ചെയ്ത് ഒരാളെ വിജയിപ്പിക്കുക എന്നതല്ല അർത്ഥം. ജനാധിപത്യബോധം സമൂഹത്തിലെ ഓരോരുത്തരിൽ നിന്നും തുടങ്ങണം. അവരവരുടെ വീടുകളിൽ നിന്നും തുടങ്ങണം. ഏകാധിപത്യപരമായ രീതികളിൽ തീരുമാനം പ്രഖ്യാപിക്കുന്ന ഇടങ്ങളിൽ ജനാധിപത്യം പുലരില്ല. പതിയെപ്പതിയെ ആ ബോധം ജീവിതത്തിലെ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കണം. ജനാധിപത്യം എവിടെയെല്ലാം ഇല്ലാതാവുന്നുവോ അവിടെയെല്ലാം പ്രതികരിക്കാനും തിരുത്തിക്കാനും ശ്രമിക്കണം. എങ്കിൽ മാത്രമേ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാൻ കഴിയൂ.

ഒറ്റപ്പെട്ട തുരുത്തുകളല്ല നമ്മൾ. നമ്മൾ ഒരു സമൂഹമായാണ് ജീവിക്കുന്നത്; അല്ലേ? സമൂഹത്തിന്റെ ഒന്നാകെയുള്ള പുരോഗതി, അതിലെ അംഗങ്ങളുടെ സന്തോഷം, അതിൽ എല്ലാവരുടെയും സ്വാതന്ത്ര്യം... അതിനു വേണ്ടിയാവണം നമ്മുടെ ഓരോ പ്രവൃത്തിയും.

മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ, സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള പ്രസിദ്ധമായ ഒരു കവിത ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നുണ്ട്. കൂട്ടുകാർ അതു വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം. സ്കൂളിലെ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ സജീവമായി പങ്കെടുക്കണം. ഒപ്പം മറ്റ് കൂട്ടുകാരുമൊത്ത് സ്വാതന്ത്ര്യത്തെ കുറിച്ച് ചർച്ച ചെയ്യുകയും വേണം, കേട്ടോ.




**യുറീക്കാമാമൻ**

സ്വാതന്ത്ര്യം



# ചിറകുകൾ

**സിന്ധു എൻ പി**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

മൂടി നിന്ന ഇരുട്ടിനെ ഊതിപ്പറത്തിക്കൊണ്ട് പതുക്കെ പ്രഭാതം വന്ന് മരത്തിന്റെ ചില്ലമേൽ തൊട്ടു.കുഞ്ഞിക്കിളി കണ്ണു തുറന്നു. കുഞ്ഞുങ്ങൾ രണ്ടും നല്ല ഉറക്കത്തിലാണ്. ഉണർന്നാൽ തുടങ്ങും രണ്ടും കൂടി വായ്പി ളർത്തിക്കരയാൻ. കുഞ്ഞിക്കിളി ചിറകുകൾ കുടഞ്ഞ് നിവർന്ന് ഉഷാറായി കിഴക്കുദിക്ക് നോക്കിപ്പറന്നു. വേഗം ആഹാരവുമായി തിരിച്ചെത്തണം.

തെളിഞ്ഞ ആകാശത്തിനു ചുവട്ടിലൂടെ പറക്കുമ്പോൾ താഴെ വീടുകൾക്കും പച്ച മരങ്ങൾക്കും മുകളിൽ വീണുപരന്ന് വെളിച്ചം ചിരിച്ചു. വെളിച്ചപ്പെട്ട മരങ്ങളിൽ ഒന്ന് ലക്ഷ്യം വെച്ച് പറക്കുന്ന നേരത്ത് ചെറിയൊരു അനിഷ്ട സംഭവമുണ്ടായി. ഒരു കൂട്ടം ചവറ്റിലക്കിളികൾ അവളുടെ നേരേ ചീറിക്കൊണ്ട് പറന്നു വന്നു. "നീ ഇതിലേ പോകരുത്. ഇത് ഞങ്ങളുടെ സ്ഥലമാണ്. മറ്റേതെങ്കിലും വഴിയേ പറന്ന് പോയ്ക്കോളൂ."

കുഞ്ഞിക്കിളിക്ക് ദേഷ്യം വന്നു. "ഇത് പൊതു ഇടമാണ്. ഇതിലേയുള്ള എന്റെ സഞ്ചാരത്തെ തടസ്സപ്പെടുത്തുന്നതെന്തിന്? ഞാനിതിലേ തന്നെ പറക്കും. എനിക്കതിനുള്ള സ്വാതന്ത്ര്യമുണ്ട്."



## യുറീക്ക കാത്തിരിക്കുന്നു നിങ്ങളുടെ കത്തുകൾക്കായി...

**എ**ന്തെല്ലാം വിശേഷങ്ങളുണ്ട് നിങ്ങൾക്ക് പറയുവാനായി. സ്കൂളിലെ വിശേഷങ്ങൾ, വീട്ടിൽ നടന്ന ചർച്ചകൾ, വഴിയരികിൽ കണ്ട കാഴ്ചകൾ,പത്രം വായിച്ചപ്പോൾ നിങ്ങൾക്ക് തോന്നിയത്, സിനിമ കണ്ടപ്പോൾ ചിന്തിച്ചത്, പുതുതായി വായിച്ച പുസ്തകം, പ്രിയപ്പെട്ട ടീച്ചറെക്കുറിച്ച്, നിങ്ങളെ കൊതിപ്പിച്ച ഭക്ഷണം...

യുറീക്കയോടല്ലെങ്കിൽ മറ്റാരുമായി നിങ്ങളിതൊക്കെ പങ്കുവെക്കും. ഒപ്പം യുറീക്കയിൽ വന്ന രചനകളെക്കുറിച്ചുള്ള അഭിപ്രായവും. ഇന്ന് തന്നെ എഴുതൂ, മാറ്റിവെക്കാതെ. രക്ഷിതാക്കളുടെ മൊബൈൽ ഫോണിൽ നിന്ന് മെയിലായി അയയ്ക്കാമല്ലോ.



വിലാസം : priyappettaeureke@gmail.com

ടെലിഗ്രാം (telegram) ആപ്പ് ഇൻസ്റ്റാൾ ചെയ്താൽ 9495981919 എന്ന നമ്പറിലേയ്ക്ക് മെസേജ് ചെയ്യാം.

തപാലിലാണെങ്കിൽ **യു–മെയിൽ, യുറീക്ക, ചാലപ്പുറം പിഒ, 673 002.**

"സ്വാതന്ത്ര്യമോ. നിനക്കോ?'' കിളികൾ കൂട്ടത്തോടെ ചിരിച്ചു.

"പോയ്ക്കോളണം ഇവിടുന്ന്." അവയെല്ലാം ഒന്നായിച്ചെന്ന് കുഞ്ഞിക്കിളിയെ ഓടിച്ചു വിട്ടു. കുഞ്ഞിക്കിളി ദുഃഖിതയായി മരച്ചില്ലമേൽ ചെന്നിരുന്നു.

വയലോ ജലാശയമോ ഉള്ള ഒരുദിക്കു തേടി പറക്കുകയായിരുന്ന ഒരു കൊക്ക് ദുഃഖിച്ചിരിക്കുന്ന കുഞ്ഞിക്കിളിയെക്കണ്ടു. അടുത്ത ചില്ലമേൽ താണുവന്നിരുന്ന് കാരണം അന്വേഷിച്ചു. കുഞ്ഞിക്കിളി രോഷത്തോടെ പറഞ്ഞു. "അവർ എന്റെ സ്വാതന്ത്ര്യത്തെ ഇല്ലായ്മ ചെയ്യാനാണ് ശ്രമിച്ചത്. ഞാൻ ഒറ്റയ്ക്കായിപ്പോയി. ചെറുത്തു നിൽക്കാൻ കഴിഞ്ഞില്ല."

കൊക്ക് നിഷ്കളങ്കതയോടെ ചോദിച്ചു. "സ്വാതന്ത്ര്യമോ? എന്താണത്?"

കുഞ്ഞിക്കിളി അത്ഭുതത്തോടെ അതിനെ നോക്കി.

"നീ പതിവായി ആഹാരം തേടിച്ചെല്ലുന്ന കുളത്തിൽ ഇനി മുതൽ നിന്നെ കണ്ടുപോവരുതെന്ന് പെട്ടെന്നൊരു ദിവസം ആരെങ്കിലും വന്ന് പറയുകയാണെങ്കിൽ..

ഇനി മുതൽ നീ മീനുകളെത്തിന്നണ്ട, വല്ല ഇലകളും ഭക്ഷിച്ചാൽ മതി എന്ന് പറയുകയാണെങ്കിൽ..

നിന്റെ ചിറകുകൾക്ക് ഇനി മുതൽ വെള്ള നിറം വേണ്ട, കറുപ്പോ നീലയോ ഒക്കെ മതി എന്നു കൽപ്പിക്കുകയാണെങ്കിൽ.. നിനക്കത് ഇഷ്ടപ്പെടുമോ?"

കൊക്ക് കുഴങ്ങി. "ഹോ – ഇനിയെങ്ങാനും എന്റെ കാര്യവും കഷ്ടത്തിലാവുമോ?"

അത്ര സമയവും ഈ സംവാദങ്ങളെല്ലാം ശ്രദ്ധിച്ചുകൊണ്ട് മരച്ചില്ലമേൽ കാത് കൂർപ്പിച്ചിരുന്ന അണ്ണാൻ ഇടപെട്ടു.

"അതെ, നമ്മുടെ സ്വാതന്ത്ര്യം വിലപ്പെട്ടതാണ്. സ്വതന്ത്രമായി സഞ്ചരിക്കാനും ഇഷ്ടമുള്ള ആഹാരവും വസ്ത്രവും തെരെഞ്ഞെടുക്കാനും നമുക്ക് സ്വാതന്ത്ര്യമുണ്ട്."

കുഞ്ഞിക്കിളി ഇടയിൽക്കയറി. "ആ സ്വാതന്ത്ര്യം മറ്റുള്ളവരുടെ സ്വൈര്യവും സന്തോഷവും കെടുത്തുന്ന വിധത്തിൽ നമ്മൾ ഉപയോഗിക്കരുതെന്നു മാത്രം.''


"അതെ." അണ്ണാനും പിൻതാങ്ങി.

കൊക്ക് വളരെപ്പതുക്കെ ലജ്ജയോടെ പറഞ്ഞു. "ഇതൊന്നും എനിക്ക് അറിയില്ലായിരുന്നു."

"അറിയേണ്ട കാര്യം അറിയാതിരിക്കുക എന്നത് വളരെ വലിയ ഒരു തെറ്റാണ്." കുഞ്ഞിക്കിളി പറഞ്ഞു.

"അറിഞ്ഞിട്ടും പ്രതികരിക്കാതിരിക്കുന്നത് അതിലും വലിയ തെറ്റും." അണ്ണാറക്കണ്ണൻ പൂർത്തിയാക്കി.

"ശരി– എന്തെങ്കിലും ചെയ്യാമോന്ന് ഞാനൊന്ന് നോക്കട്ടെ. കുഞ്ഞിക്കിളി അവിടെ നിന്നും പറന്നു പോയി. മറ്റൊരു ദിക്കിലേക്ക് കൊക്കും പറന്നു. പറക്കുമ്പോൾ തന്റെ വലിയ ചിറകുകൾ " സ്വാതന്ത്ര്യം, സ്വാതന്ത്ര്യം...'' എന്ന് ശബ്ദിക്കുന്നത് അത് അത്ഭുതത്തോടെ കേട്ടു.



# വിശന്നിട്ടുവയ്യ



**കെ ടി രാധാകൃഷ്ണൻ**

ചിത്രീകരണം: കെ.സതീഷ്

വിജ്ഞാനോത്സവ വിശേഷം

കുഞ്ഞൂസ് തിരിഞ്ഞും മറിഞ്ഞും കിടന്നു. രണ്ടുദിവസമായി മര്യാദയ്ക്ക് ആഹാരം കഴിച്ചിട്ട്. എന്താ കാര്യമെന്നല്ലേ...?

പുള്ളിക്കാരന് വയറിനസുഖം.

ഡോക്ടർ കർശനമായ നിബന്ധനകളാ മുന്നോട്ടുവച്ചത്.

"രണ്ടുമൂന്നു ദിവസം കനപ്പെട്ട ഭക്ഷണമൊന്നും വേണ്ട. കഞ്ഞി മതി. വയറ്റീന്ന് വെള്ളം പോലെയാ പോകുന്നേ. ഒ.ആർ.എസ്.ലായനി ഇടയ്ക്കിടെ കുടിക്കണം."

അമ്മ വന്നു പറഞ്ഞു.

"ഉം... ഞാമ്പറഞ്ഞാ കേക്കണ്ട... ഇപ്പം എന്തായി...? കണ്ടതെന്തും വാരിവലിച്ച് തിന്നും. ആവശ്യത്തിലധികം തിന്നും. ബാക്കി വന്നതൊക്കെ വെറുതെ കളയും. രണ്ടുദിവസം അങ്ങനെ കിടക്ക്. ശരിക്കുള്ള വെശപ്പ് എന്തെന്ന് നീ അറിയണം. ആഹാരത്തിന്റെ വില എന്തെന്നും അറിയണം. ആവശ്യത്തിലധികം കുത്തിക്കയറ്റിയാൽ ആപത്താണെന്ന് ഇപ്പം ബോധ്യപ്പെട്ടോ?" കുഞ്ഞൂസ് ഒന്നും മിണ്ടിയില്ല. അവൻ കണ്ണടച്ച് ഉറങ്ങിയപോലെ കിടന്നു.


ഇത് ഭക്ഷണം ദുരുപയോഗം ചെയ്ത് കിടപ്പിലായ കുഞ്ഞൂസിന്റെ കാര്യം. കുഞ്ഞൂസിനു കഴിക്കാൻ ഭക്ഷണമില്ലാഞ്ഞിട്ടല്ല; തിന്നത് കൂടിപ്പോയതിന്റെ അസുഖമാ. എന്നാൽ ഒരു നേരത്തെ വിശപ്പടക്കാൻ കഴിയാത്ത എത്രയോ കുഞ്ഞുങ്ങൾ ഈ ലോകത്തുണ്ടെന്നു നിങ്ങൾക്കറിയാമോ? വേണ്ടത്ര പോഷകാഹാരം കിട്ടാതെ പലതരം രോഗം ബാധിച്ച് ലക്ഷക്കണക്കിനു കുഞ്ഞുങ്ങൾ മരിച്ചുവീഴുന്നുമുണ്ട്.

അഞ്ചു വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളിലെ പോഷണക്കുറവ്, ഉയരത്തിനനുസരിച്ച് തൂക്കമില്ലായ്മ, ഉയരക്കുറവ്, വളർച്ച മുരടിപ്പ്, മരണനിരക്ക് എന്നിവയെല്ലാം കണക്കിലെടുത്ത് എല്ലാ വർഷവും ലോകത്തെ രാജ്യങ്ങളിലെ പട്ടിണിയുടെ അവസ്ഥ കണക്കാക്കാറുണ്ട് (Globel Hunger Index). 2018ൽ 119 രാജ്യങ്ങളിലെ കണക്കെടുത്തപ്പോൾ നമ്മുടെ രാജ്യം 103–ാമതാണ്! ദാരിദ്ര്യം നിലനിൽക്കുന്ന ആഫ്രിക്കയിലെ പല രാജ്യങ്ങളും നമുക്കു മുമ്പിലാണ്!

മറ്റൊരു കണക്കു പറയട്ടെ, കേട്ടോളൂ. ലോകത്തെ കോടിക്കണക്കിനു കുഞ്ഞുങ്ങൾ ഗുരുതരമായ ഭക്ഷണക്കുറവ് നേരിടുന്നവരാണ്. ഇതിൽ ഏഴു രാജ്യങ്ങൾ അതീവ ഗുരുതരാവസ്ഥയിലാണ്.









44 രാജ്യങ്ങൾ ഗുരുതരാവസ്ഥയിലാണ് (ഈ 44 ലാണ് നമ്മുടെ ഇന്ത്യ). 24 രാജ്യങ്ങൾ ശരാശരി നിലവാരത്തിലാണ്. 43 രാജ്യങ്ങൾ മാത്രമാണ് താരതമ്യേന മെച്ചപ്പെട്ട സൂചിക ഗ്രൂപ്പിലുള്ളത്.


അങ്ങനെയെങ്കിൽ ഭക്ഷണത്തിൽ എന്തെല്ലാം അടങ്ങിയിരിക്കണമെന്ന് കൂടി പറയട്ടെ. ശരീരത്തിന്റെ പ്രവർത്തനങ്ങൾ ബുദ്ധിമുട്ടില്ലാതെ നടക്കുന്നതിന് നിശ്ചിത കലോറി അളവിലുള്ള ഭക്ഷണം കിട്ടണം. അതിൽ അടങ്ങിയിരിക്കുന്ന പോഷകഘടകങ്ങൾ, ഇത് ഭക്ഷിക്കാനുള്ള ശാരീരികക്ഷമത ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്താണ് മേൽപ്പറഞ്ഞ കണക്കുകൾ രൂപപ്പെടുത്തുന്നത്.


ലോകത്ത് ഇന്നു നിലനിൽക്കുന്ന പട്ടിണി മാറ്റാൻ ഉൽപ്പാദിപ്പിച്ചു കഴിഞ്ഞ്, ഉപയോഗിക്കാതെ കളയുന്ന ഭക്ഷ്യവസ്തുക്കൾ മതി എന്നു കേൾക്കുമ്പോൾ നമ്മൾ മൂക്കത്ത് വിരലുവെച്ചു പോകും അല്ലേ? ഉൽപ്പാദിപ്പിക്കുന്നതിന്റെ മൂന്നിലൊന്നും വിവിധതരത്തിൽ നഷ്ടപ്പെടുന്നു. മഴയത്തും വെയിലത്തും കിടന്നു നശിക്കുന്നതും ഗോഡൗണുകളിൽ എലിയും പ്രാവും തിന്നുന്നതുമൊക്കെ നമ്മളും പത്രങ്ങളിലൂടെ വായിക്കാറുള്ളതാണ്.

ഭക്ഷണത്തിന്റെ ഇല്ലായ്മയും കുറവും പരിഹരിക്കാൻ ഇന്നുള്ള അറിവും സാങ്കേതികവിദ്യയും പോരാഞ്ഞിട്ടൊന്നുമല്ല. ഭക്ഷണത്തിന്റെ കുറവുമൂലം ഒരു കുട്ടിയും മരണപ്പെടരുത് എന്നു ദൃഢനിശ്ചയം ചെയ്യുകയും അതിനനുസരിച്ച് നയപരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്യാത്തതു കൊണ്ടു തന്നെയാണ്.

ലോകത്തെമ്പാടും ധനികരുടെ എണ്ണം കൂടിക്കൂടിവരുന്നു. അവർ കൈവശം വയ്ക്കുന്ന കൃഷിഭമി ഉൾപ്പെടെയുള്ള സമ്പത്തിന്റെ അളവും കൂടിക്കൂടി വരുന്നു. ലോകത്തെ ദാരിദ്ര്യം പലമടങ്ങ് ഇല്ലാതാക്കാനുള്ള സമ്പത്താണിത്. ഇന്ത്യയുടെ സ്ഥിതിയും ഇതിൽനിന്നു വ്യത്യാസപ്പെടുന്നില്ല.





ഇവിടെയുള്ള 10% സമ്പന്നരുടെ കയ്യിലാണ് ഇന്ത്യൻ സമ്പത്തിന്റെ 77.4 ശതമാനവും കിടക്കുന്നത്. ഏറ്റവും താഴെക്കിടയിലുള്ള 60% ജനങ്ങളുടെ കയ്യിൽ 4.8% സമ്പത്തേ ഉള്ളൂ.


ഇന്ത്യ ഒരു കാർഷികരാജ്യമല്ലെ? സംശയമുണ്ടോ? എന്തിന് സംശയിക്കണം, ല്ലേ? നമ്മുടേത് കാർഷിക രാജ്യം തന്നെയാണ്. എന്നാൽ, ഇവിടെയാണ് കൃഷിക്കാരും തൊഴിലാളികളും ആത്മഹത്യ ചെയ്യുന്ന വാർത്തകൾ നിരന്തരമായി നാം കേട്ടുകൊണ്ടിരിക്കുന്നതും.

കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വില കിട്ടാഞ്ഞാൽ അവരെങ്ങനെ അടുത്ത കൃഷിയിറക്കും! അതായത്, കൃഷി ചെയ്യുന്നവർക്ക് വലിയ പ്രാധാന്യം കൊടുത്തുകൊണ്ടേ നമ്മുടെ രാജ്യത്ത് പട്ടിണി മാറ്റാനാവൂ.

ഭക്ഷ്യവസ്തുക്കൾ ഒരുപാട് ഉണ്ടായതുകൊണ്ടൊന്നും ഒരു കാര്യവുമില്ല കേട്ടോ. അതു വാങ്ങി ഉപയോഗിക്കാനുള്ള കഴിവ് എല്ലാവർക്കുമുണ്ടാവണം. അതിന് പണം വേണം. ജോലി വേണം. തൊഴിലില്ലായ്മ പെരുകുന്ന രാജ്യങ്ങളിൽത്തന്നെയാണ് പട്ടിണിക്കാരും പെരുകുന്നത്.

ഭക്ഷണം എല്ലാവരുടെയും അവകാശമായി മാറണം. പോഷകമൂല്യമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ എല്ലാവർക്കും ലഭിക്കണം. പൊതുവിതരണ കേന്ദ്രങ്ങളിലൂടെ എല്ലാവർക്കും ഇത് ലഭ്യമാവണം. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലുള്ള എല്ലാവർക്കും ഗുണമേന്മയുള്ള പോഷക ഭക്ഷ്യവസ്തുക്കൾ സൗജന്യമായി ലഭിക്കുമെന്ന ഭരണകൂടങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനു പറ്റിയ നിയമങ്ങളുണ്ടാക്കുകയും അവ നടപ്പിലാക്കുന്നതിനുള്ള ആവശ്യം ശക്തമായി ഉയർത്തിക്കൊണ്ടുവരികയും വേണം.

കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതിനാശവും നമ്മുടെ ഭക്ഷ്യവിഭവങ്ങളുടെ ഉൽപ്പാദനത്തെ സാരമായി ബാധിച്ചുതുടങ്ങിയിരിക്കുന്നു. ദീർഘകാലം നിലനിൽക്കുന്നതും എല്ലാ വിഭാഗം ജനങ്ങൾക്കും ഉപകരിക്കുന്നതുമായ വികസനനയങ്ങളാണു നമുക്കാവശ്യം. ഭക്ഷ്യോൽപ്പാദനം വർധിപ്പിക്കുന്നതോടൊപ്പം സമൂഹത്തിലെ ദരിദ്രർക്കും അശരണർക്കും അത് ലഭ്യമാക്കുകയും ചെയ്യുമ്പോഴേ സാമൂഹ്യനീതി നടപ്പാവുകയുള്ളൂ.



# ചേർന്നാൽ



**പ്രേമജാ ഹരീന്ദ്രൻ**

ചിത്രീകരണം: കെ.സതീഷ്

ഒരുതരി ഇരുതരി പലതരി ചേർന്നീ
കരയാകുന്നതു പോലെ
ഒരുതുള്ളി ഇരുതുള്ളി പലതുള്ളി ചേർന്നീ
കടലാകുന്നതു പോലെ
ഒരുപൂ ഇരുപൂ പലപൂ ചേർന്നൊരു
വസന്തമാകും പോലെ
ഒരുകൈ ഇരുകൈ പലകൈ ചേർത്തൊരു
സ്വർഗം മണ്ണിൽ പണിയാം
നമുക്കു സ്വർഗം മണ്ണിൽ പണിയാം...





## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി

**വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം**

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com



എം.ഗീതാഞ്ജലി

ചിത്രീകരണം: അരവിന്ദ് വട്ടംകുളം



സ്വാതന്ത്ര്യദിനം

ഒരുപാട് സ്വപ്നങ്ങളോടെ, പ്രതീക്ഷകളോടെ ആണ് ഭാരതീയർ സ്വാതന്ത്ര്യത്തെ വരവേറ്റത്. ഏകദേശം 200 വർഷക്കാലമാണ് ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചത്.

1947 ആഗസ്റ്റ് 15ന് നമുക്ക് സ്വാതന്ത്ര്യം കിട്ടി. എന്നാൽ, എല്ലാ അർത്ഥത്തിലും നമുക്ക് സ്വാതന്ത്ര്യം ഉണ്ടോ? 'നമുക്ക്' എന്നു പറയുമ്പോൾ ഓരോ ഇന്ത്യൻ പൗരനേയും കുറിച്ചോർക്കണേ.

എല്ലാ സ്വാതന്ത്ര്യദിനത്തിലും ഞാനോർമിക്കാറ്, മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ അതിമനോഹരമായ ഒരു കവിതയാ



# ആ മനോഹര സ്വാതന്ത്ര്യ സ്വർഗമായ്...

ണ്. 1913ൽ അദ്ദേഹത്തിന് നൊബേൽ സമ്മാനം ലഭിച്ച 'ഗീതാഞ്ജലി'യിലെ ഒരു കവിത. 107 വർഷങ്ങൾക്കു മുൻപാണ് ആ കവിത അദ്ദേഹം രചിച്ചത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് 35 വർഷം മുമ്പ്. അതിൽ അദ്ദേഹം തന്റെ ഒരു സ്വപ്നത്തെക്കുറിച്ചാണ് പറയുന്നത്. സ്വതന്ത്ര ഇന്ത്യ എങ്ങനെയായിരിക്കണമെന്ന സ്വപ്നം.

ആ മനോഹരമായ, അർത്ഥഗർഭമായ കവിതയ്ക്ക് മലയാളത്തിൽത്തന്നെ പല പരിഭാഷകളുമുണ്ട്. മലയാള പരിഭാഷകളും ടാഗോറിന്റെ ഇംഗ്ലീഷിലുള്ള ഗാനവും പല സ്കൂളുകളിലും പ്രാർത്ഥനയായും സംഘഗാനമായും ആലപിക്കാറുണ്ട്.

ഞാനതിന്റെ അർത്ഥമൊന്നു പറയട്ടെ. കൂട്ടുകാർ ശ്രദ്ധിച്ച് കേൾക്കണം. ടാഗോർ പറയുന്നതിതാണ്– എവിടെയാണ് എല്ലാ ജനങ്ങളും നിർഭയരായി, ഒരു തരത്തിലുമുള്ള പേടികളൊന്നും ഇല്ലാതെ ജീവിക്കുന്നത്...

എവിടെയാണോ ഓരോ വ്യക്തിക്കും മാനത്തോളം തല ഉയർത്തിപ്പിടിച്ച് അഭിമാനത്തോടെ ജീവിക്കാൻ സാധിക്കുന്നത്...

എവിടെയാണോ എല്ലാവർക്കും വിശാലമായ അറിവും പഠിപ്പും ലഭിക്കാനുള്ള സാഹചര്യമുള്ളത്...

എവിടെയാണോ ഓരോ മനുഷ്യനും ഒരു ബുദ്ധിമുട്ടും ഇല്ലാതെ സ്വാതന്ത്ര്യത്തോടെ, സമാധാനത്തോടെ ജീവിക്കാൻ സാധിക്കുന്നത്...

എവിടെയാണോ ഒരു നൂറു അതിർവരമ്പുകളിട്ട് (മതം, ജാതി, വിശ്വാസം, ജീവിക്കുന്ന സ്ഥലം, ആൺ– പെൺ– ഭിന്നലിംഗ വ്യത്യാസങ്ങൾ, ഉള്ളവർ– ഇല്ലാത്തവർ തുടങ്ങി ഒരു നൂറു അതിർവരമ്പുകൾ) ചെറിയ ചെറിയ കഷണങ്ങളാക്കി വെട്ടിമാറ്റപ്പെട്ട അവസ്ഥയിലല്ലാത്ത, അഖണ്ഡമായ ഒരു രാജ്യമായി നിലകൊള്ളുന്നത്... എവിടെയാണോ ഓരോ മനുഷ്യന്റെയും വാക്കുകളും പ്രവർത്തികളും സത്യത്തിൽ നിന്ന് ഉയിർകൊള്ളുന്നത്...

എവിടെയാണോ രാജ്യത്തിന്റെ വളർച്ചയ്ക്കായി, നന്മയ്ക്കായി, പൂർണതയ്ക്കായി കഠിനമായി പ്രവർത്തിക്കാൻ എല്ലാവരും സന്നദ്ധരായി നിൽക്കുന്നത്...

എവിടെയാണോ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാത്തത്...

എവിടെയാണോ നല്ല ചിന്തകളും പ്രവൃത്തികളുമായി ജനം മുന്നേറുന്നത്...

അങ്ങനെയുള്ള ഒരു മനോഹര സ്വാതന്ത്ര്യസ്വർഗമായി എന്റെ നാട് ഉണരേണമേ, ഈശ്വരാ!



എന്ത് സുന്ദരമായ പ്രാർത്ഥന! എന്ത് സുന്ദരമായ സ്വപ്നം!

കൂട്ടുകാരേ, ടാഗോറിന്റെ ഈ കവിതയെക്കുറിച്ച് നിങ്ങൾ നന്നായി ആലോചിക്കണം. ഇന്ത്യയിലെ ഓരോ പൗരനും ഈ കവിതയിൽ പറയുന്ന തരത്തിൽ ഇന്ന് ജീവിക്കാൻ സാധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ മാത്രമേ നമുക്ക് പൂർണമായും സ്വാതന്ത്ര്യം ലഭിച്ചു എന്ന് പറയാനാവൂ. ഇല്ല, എങ്കിൽ ശരിയായ അർത്ഥത്തിൽ സ്വാതന്ത്ര്യം ലഭിക്കാൻ നമുക്ക് ഇനി എന്തെല്ലാം ചെയ്യണം, ചെയ്യാതിരിക്കണം എന്നുകൂടി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.



ഇന്ത്യൻ സ്വാതന്ത്ര്യസമരം പോരാട്ടങ്ങളിലൂടെയും സഹനസമരത്തിന്റെ വിവിധ തലങ്ങളിലൂടെയും കടന്നുപോയ ഒന്നാണ്. സുദീർഘമായ ആ ചരിത്രം അത്ര പെട്ടന്നൊന്നും പറഞ്ഞുതീർക്കാനാവില്ല. ഇവിടെ ഒരു ചെറിയ പ്രവർത്തനം നിങ്ങൾക്കു തരികയാണ്; ഉത്തരങ്ങൾ കണ്ടെത്തൂ. ഏറെ ആകർഷകമായ സമ്മാനമാണ് ശരിയുത്തരക്കാരെ കാത്തിരിക്കുന്നത്. അയയ്ക്കേണ്ട അവസാന തീയതി ആഗസ്റ്റ് 15.

ഫ്രീഡം ക്വിസ്

# സമരാഗ്നിയുടെ ആളിക്കത്തൽ... പിന്നെ, സ്വാതന്ത്ര്യപ്രഖ്യാപനം

സ്വാതന്ത്ര്യദിനം

പണ്ടേ വിരുന്നുകാരെ സ്വീകരിക്കാൻ കോഴിക്കോട്ടുകാർ മത്സരിച്ചിരുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പാണിത്. കേട്ടോളൂ.

"വാസക്കോട്ട് കോമന് സദ്യതന്നെ കൊടുക്കാം, ല്ലേ?" സാമൂതിരിയോട് കാര്യസ്ഥൻ ചോദിച്ചു. "കടൽയാത്ര കഴിഞ്ഞ് വന്നവരല്ലേ വിശപ്പും ക്ഷീണവും കാണും. ആയ്ക്കോട്ടെ." സാമൂതിരി പറഞ്ഞു.

1498 ലാണ് സംഭവം. പോർച്ചുഗലിൽനിന്നും രാജാവ് മാനുവൽ ഒന്നാമന്റെ സഹായത്തോടെ വിദേശവ്യാപാരത്തിന് കോഴിക്കോട്ടെത്തിയതായിരുന്നു ഇദ്ദേഹവും സഹായികളും.


സാമൂതിരി ഇവരെ ആനയിച്ച് സ്വീകരിച്ചാണ് കൊട്ടാരത്തിലെത്തിച്ചത്.

1

പോർച്ചുഗീസുകാരുടെ വരവ് ഇവിടെ തുടങ്ങുകയായിരുന്നു.

ഭാഷ പ്രശ്നമായിരുന്നെങ്കിലും സാമൂതിരിയും സംഘവും 'കോമ'നോടു വേഗം അടുത്തു. പക്ഷേ, അദ്ദേഹത്തിന്റെ പേര് അതൊന്നുമല്ലായിരുന്നു. ആരാണിദ്ദേഹം? പറയാമോ?

കള്ളിയിൽ എഴുതിയ അക്ഷരങ്ങൾ ക്രമത്തിലാക്കിയാൽ പേര് കിട്ടും. നടുക്കുള്ള കള്ളിയിൽ അദ്ദേഹത്തിന്റെ ഫോട്ടോയുമുണ്ട്.

| | | | | |
|---|---|---|---|---|
| | | സ് | | |
| മ | വാ |  | കോ | ഗാ |
| | | ഡ | | |

അങ്ങനെ, 150 വർഷത്തിലേറെക്കാലം പോർച്ചുഗീസുകാർ കേരളത്തിൽ നിറഞ്ഞുനിന്നു.

1663 ൽ കൊച്ചിയിൽ വച്ച് ഡച്ചുകാർ പോർച്ചുഗീസുരാരെ തോൽപ്പിച്ചു. പോർച്ചുഗീസ് പതാക പിന്നെ കേരളത്തിൽ ഉയർന്നതേയില്ല.

പിന്നെ ഡച്ചുകാരുടെ ആധിപത്യമായിരുന്നു. പോർച്ചുഗീസുകാരെ തോൽപ്പിച്ചതോടെ കേരളത്തിലെ നാട്ടുവാഴികൾ ഡച്ചുകാരുമായി സൗഹൃദ കരാറിൽ ഒപ്പുവെച്ചു. കൊച്ചിയിൽ ശക്തിപ്രാപിച്ച ഡച്ചുകാർ കോഴിക്കോട്ടുള്ള സാമൂതിരിയുമായി യുദ്ധത്തിലേർപ്പെട്ടു. ഈ യുദ്ധത്തിൽ പരാജയമായിരുന്നു ഡച്ചുകാർക്ക്.

മറ്റൊരു യൂറോപ്യൻ ശക്തി കൂടി കേരളത്തിലെത്തിയിരുന്നു. ഫ്രഞ്ചുകാരായിരുന്നു അത്. 1722 ൽ ഫ്രഞ്ച് കച്ചവട കമ്പനി കടത്തനാട് രാജാവിൽനിന്ന് തലശ്ശേരിക്കടുത്തുള്ള മയ്യഴിയിൽ ഒരു പാണ്ടികശാലയുള്ള അനുവാദം വാങ്ങിച്ചു. പിന്നീട് ബ്രിട്ടീഷുകാർ എത്തി. അവർ കോട്ടകൾ കെട്ടി കേരളത്തിൽ തങ്ങളുടെ അടിത്തറ ശക്തമാക്കി.

ബ്രിട്ടൻ ഇന്ത്യ ഒന്നാകെ തങ്ങളുടെ കോളനിയാക്കുകയായിരുന്നു. ഇനി നമുക്ക് അതേക്കുറിച്ച് പറയാം.

അങ്ങനെയങ്ങനെ, 1609 ലാണ് അതു സംഭവിച്ചത്. അന്നത്തെ മുഗൾചക്രവർത്തി ജഹാംഗീറാണത് ചെയ്തത്. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് കച്ചവടം ചെയ്യാനുള്ള അനുമതി ഇന്ത്യയിൽ നൽകി. വിവിധ സ്ഥലങ്ങളിൽ പാണ്ടികശാല പണിത് കച്ചവടം നടത്തിയ അവർ 1651ൽ കിഴക്കൻ ഇന്ത്യയിൽ ഒരു ഫാ ക്ടറി സ്ഥാപിക്കുകയും ചെയ്തു.

2



(ചിത്രം നോക്കി അതേതു സ്ഥലമാണെന്ന് എഴുതാമോ?)

________________________________

കച്ചവടം ചെയ്യാൻ വന്നവർ പതുക്കെപ്പതുക്കെ പിടിമുറുക്കി. ഇതിനു മുമ്പെ വന്ന ഫ്രഞ്ചുകാരെ യുദ്ധത്തിലൂടെ ഒതുക്കി ബ്രിട്ടീഷുകാർ പൂർണ ആധിപത്യവും ഏറ്റെടുത്തു. 1757ൽ റോബർട്ട് ക്ലൈവ് എന്ന ഇംഗ്ലീഷുകാരൻ ബംഗാളിലെ

3

________________________________ ആയി. വിട്ടഭാഗത്ത് അത് എഴുതൂ...

1774ൽ വാറൻ ഹേസ്റ്റിങ്സ് ഗവർണർ ജനറലായി. കൽക്കട്ടയിൽ സുപ്രീംകോടതിയും വന്നു. പിന്നീട് ഒരുപാട് ഒരുപാട് പ്രദേശങ്ങൾ ബ്രിട്ടീഷുകാർ പിടിച്ചെടുത്തുകൊണ്ടേയിരുന്നു. ഇന്ത്യക്കാർക്ക് സഹികെട്ടു. അവർ ബ്രിട്ടീഷുകാർക്കെതിരെ തുറന്നയുദ്ധങ്ങളും സമരങ്ങളും പ്രഖ്യാപിച്ചു. അങ്ങനെയാണ് 1857ൽ വലിയൊരു സമരം പൊട്ടിപ്പുറപ്പെട്ടത്. ഒന്നാം സ്വാതന്ത്ര്യസമരം എന്നാണിതിനെ വിശേഷിപ്പിക്കുന്നത്. അതിനെപ്പറ്റി ഒരു ചെറുകുറിപ്പ് എഴുതാമോ?

4

ഇതിനുശേഷമാണ് ബോംബെയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പിറന്നത്. ചുവന്ന വളയത്തിലെ അക്കങ്ങൾ എടുത്തെഴുതിയാൽ കോൺഗ്രസ്സ് പിറന്ന വർഷം നിങ്ങൾക്കറിയാൻ സാധിക്കും. ________________________

5

| | | | | | | |
|---|---|---|---|---|---|---|
| 1 | 8 | 2 | 8 | 7 | 6 | 5 |

6

കോൺഗ്രസ്സ് സ്ഥാപിച്ചതാരാണെന്ന് അറിയാമോ?



ചിത്രത്തിൽ കാണുന്ന ഈ ബ്രിട്ടീഷുകാരനായിരുന്നു സ്ഥാപകൻ. അരാണിദ്ദേഹം? പേര് ഫോട്ടോയ്ക്ക് താഴെ എഴുതൂ.

1915ൽ ഒരു വഴിത്തിരിവുണ്ടായി. ദക്ഷിണാഫ്രിക്കയിൽ വക്കീൽജോലിക്കുപോയ ഒരാൾ ഇന്ത്യൻ മണ്ണിലേക്ക് തിരിച്ചെത്തി. അദ്ദേഹത്തിന്റെ ഫോട്ടോ കണ്ടില്ലേ. ഫോട്ടോയ്ക്ക് താഴെ അദ്ദേഹം അന്ന് അറിയപ്പെട്ട പേരിന്റെ പൂർണരൂപം എഴുതിച്ചേർക്കൂ...

7



അപ്പോഴേയ്ക്കും ബ്രിട്ടീഷുകാർ ഇന്ത്യൻ തലസ്ഥാനം കൽക്കട്ടയിൽനിന്ന്

8

----------------------------

ലേക്ക് മാറ്റി. (ക്ലൂവിനായി ഒരു ചിത്രം കൂടി തരുന്നു. ഏതാണാ സ്ഥലം? എഴുതൂ.)



തലസ്ഥാനമാറ്റത്തിനൊപ്പം തന്നെ ബ്രിട്ടീഷുകാർ ഒട്ടനവധി മുന്നേറ്റങ്ങൾ ഇന്ത്യയിൽ നടത്തുകയും ഇന്ത്യയുടെ പൂർണ ആധിപത്യം ഏറ്റെടുക്കുകയും ചെയ്തു. അതിനൊപ്പം തന്നെ ഇന്ത്യക്കാരെ വലിയതോതിൽ അടിച്ചമർത്താനുംതുടങ്ങി.

ബിഹാറിലെ നീലം കർഷകരെ ബ്രിട്ടീഷ് ജന്മിമാർ വലിയതോതിൽ ചൂഷണം ചെയ്യുന്നതു കണ്ടപ്പോൾ ഗാന്ധിജിക്കത് നോക്കിനിൽക്കാൻ കഴിഞ്ഞില്ല. അദ്ദേഹം സത്യഗ്രഹം തുടങ്ങി. 1917 ലായിരുന്നു ഇത്. ഗാന്ധിജിയുടെ ഇന്ത്യൻ മണ്ണിലെ ആദ്യ സത്യഗ്രഹം ഏതായിരുന്നു?

9

വട്ടത്തിനുള്ളിലെ അക്ഷരങ്ങൾ ക്രമത്തിൽ എഴുതിയാൽ ഉത്തരം കിട്ടും.

മ്പാ ച ര ൻ

----------------------------

അങ്ങനെ ഗാന്ധിജി സമരരംഗത്ത് സജീവമാവുകയായിരുന്നു. ബ്രിട്ടീഷ് പോലീസിന്റെ അതിക്രമത്തിൽ പ്രതിഷേധിക്കാൻ 1919 ഏപ്രിൽ 13ന് പഞ്ചാബിൽ വലിയൊരു യോഗം നടന്നു. അവിടെയൊരു പാർക്കിൽ

വെച്ചായിരുന്നു അത്. നിരവധിപേർ തടിച്ചു കൂടി. ഇവർക്കുനേരെ ഒരു പ്രകോപനവുമില്ലാതെ, ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ ജനറൽ ഡയറിന്റെ നേതൃത്വത്തിൽ വെടിവയ്പ്പു നടന്നു. ഒരുപാട് പേർ മരിച്ചു. ചിത്രങ്ങൾ നോക്കി ഏതു സംഭവ

10



മാണെന്ന് കണ്ടെത്താമോ?

-------------------------------

1930 ലെ ഈ ചിത്രം നോക്കൂ. മാർച്ച് 6ന് സബർമതി ആശ്രമത്തിൽ നിന്നും ഗാന്ധിജി 76 പ്രതിനിധികളുമായി പുറപ്പെട്ടു.

11



എങ്ങോട്ട്? ഗുജറാത്തിലെ ഗ്രാമങ്ങളിലൂടെ 240 മൈൽ സഞ്ചരിച്ച് 1930 ഏപ്രിൽ 6ന് ഗാന്ധി ദണ്ഡി കടപ്പുറത്തെത്തി. പിന്നീട് എന്തുണ്ടായി? ചോദിച്ചറിഞ്ഞ് ചുരുങ്ങിയ വാക്കുകളിൽ പൂരിപ്പിക്കൂ.

1942 ആഗസ്റ്റ് 8ന് കോൺഗ്രസ്സ് പാർട്ടി ചരിത്ര പ്രധാനമായ ഒരു പ്രമേയം പാസ്സാക്കി. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോവുക. അധികാരം കൈമാറുക എന്നതായിരുന്നു ആ പ്രമേയം. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന ഗാന്ധിജിയുടെ പ്രസിദ്ധമായ ആഹ്വാനം ഈ വേളയിലാണ് നടക്കുന്നത്. ഏതായിരുന്നു ഈ സംഭവം.

12

പ്പിൽ പിൽ ക്വി സി ൽ

റ്റ് ന് ക്ലി

## "--------- ഇന്ത്യസമരം"

ചുവന്ന അക്ഷരങ്ങൾക്ക് വളയമിട്ട്, നീല വലിയ അക്ഷരങ്ങളിൽ എഴുതിയതുകൂടി ഒപ്പം വായിച്ചാൽ നിങ്ങൾക്ക് സംഗതി പിടികിട്ടും.

അങ്ങനെയങ്ങനെ 1947 ലേക്ക് കടന്നു. ഇന്ത്യയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് 1947 ഫെബ്രുവരി 20–ാം തീയതി ബ്രിട്ടീഷ് പാർലമെന്റിൽ പ്രധാനമന്ത്രി ക്ലമന്റ് ആറ്റ്ലി പ്രഖ്യാപിച്ചു.



13

അങ്ങനെയാണ് ഇദ്ദേഹം ഇന്ത്യയിലെ വൈസ്രോയിയായി വരുന്നത്. ഫോട്ടോയ്ക്ക് താഴെ, വിട്ടഭാഗത്ത് അദ്ദേഹത്തിന്റെ പേര് എഴുതിച്ചേർക്കൂ.

അദ്ദേഹത്തിന്റെ പദ്ധതി അനുസരിച്ച് അന്നത്തെ ഇന്ത്യയെ, ഇന്ത്യയെന്നും

..............................................................

എന്നുമായി രണ്ടു രാജ്യങ്ങളായി വിഭജിച്ചു. ഒന്ന് ഇന്നത്തെ ഇന്ത്യ തന്നെ. ഏതായിരുന്നു മറ്റേ രാജ്യം?

14

നാലു കള്ളികളിൽ ഒന്നിൽ നിന്ന് ശരിയുത്തരം കണ്ടെത്തു.

| |
|---|
| ബംഗ്ലാദേശ് |
| പാക്കിസ്ഥാൻ |
| ഭൂട്ടാൻ |
| ബർമ |

## ശരിയുത്തരക്കള്ളിക്ക് നിറം കൊടുക്കു...

അങ്ങനെ ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക് നടന്നുകയറി. ഇന്നും സ്വാതന്ത്ര്യസമരം എന്ന വാക്കു കേൾക്കുമ്പോൾ അറിയാതെ നാം മുഷ്ടി ഉയർത്തി ആവേശം പ്രകടിപ്പിക്കില്ലേ? അത്രയും ആവേശോജ്ജ്വലമായിരുന്നു ആ കാലഘട്ടം.

നേരത്തേ പൂരിപ്പിച്ച ഭാഗങ്ങൾ ഒരിക്കൽക്കൂടി ഇവിടെ അതാത് നമ്പറിൽ ചേർത്ത് എഴുതു.
എന്നിട്ട് ഫോട്ടോ എടുത്ത്
ടെലഗ്രാം/ വാട്സപ്പ്/ ഇ-മെയിൽ അയയ്ക്കുക
(ഏതെങ്കിലും ഒന്നിലയച്ചാൽ മതി).
5 പേർക്ക് സമ്മാനങ്ങൾ.
കിട്ടേണ്ട അവസാന തീയ്യതി : ആഗസ്റ്റ് 15, 2019

: 9495981919

: priyappettaeureke@gmail.com

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

1 ______________________________

2 ______________________________

3 ______________________________

4 ______________________________

______________________________

______________________________

______________________________

5 ______________________________

6 ______________________________

7 ______________________________

8 ______________________________

9 ______________________________

10______________________________

10______________________________

11______________________________

______________________________

______________________________

12______________________________

13______________________________

14______________________________

പേര് :..........................................

സ്കൂൾ വിലാസം :..........................................

..........................................

ഫോൺ :..........................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

ഷിൻ ഷിൻ

യുറീക്ക@50

## വിജ്ഞാനോത്സവം ഗംഭീരമാക്കു




## ദി ഐസ് & പോൾ ബെയർ

പോൾ ബെയർ ഒരു ധ്രുവക്കരടിയാണ് (Polar Bear). താമസം ദക്ഷിണ അലാസ്കയിൽ. പത്രപ്രവർത്തകനായ മൂപ്പര് 'ദി ഐസ്' എന്ന പത്രത്തിൽ ജോലി ചെയ്യുന്നു

പോൾ ബെയർ ഒരു ദിവസം ആർട്ടിക്കിലൂടെ യാത്രപോയി. തെരുവുകൾക്ക് വലിയ മാറ്റമാണ്. കുറെയധികം ഐസുപാളികൾ ചൂടിൽ ഒലിച്ചുപോയിരിക്കുന്നു. അവിടെ തീറ്റ കിട്ടാതെ അവശനായ ഒരു മഞ്ഞുകരടിയെ കണ്ടു. കാലാവസ്ഥാവ്യതിയാനം നിമിത്തം ഭക്ഷണം കിട്ടാതെ ധ്രുവക്കരടി മെലിഞ്ഞൊരു നായയെപ്പോലെയായി. ദാരുണമായ കാഴ്ച. മൂപ്പർ നല്ലൊരു



ചിത്രീകരണം: കെ.സതീഷ്

ചിത്രം സഹിതം അതു വാർത്തയാക്കി.

ധ്രുവക്കരടികളുടെ ദുരിതം ലോകം മുഴുവനും ശ്രദ്ധിക്കപ്പെട്ടതോടെ 'ദി ഐസി' ന്റെ ആഗോളതാപന വിഭാഗത്തിലെ മുഖ്യകാര്യദർശിയായി പോൾ ബെയർ ഉയർത്തപ്പെട്ടു. യുറിക്കയ്ക്ക് വേണ്ടിയും ആഗോളതാപന വർത്തമാനങ്ങൾ റിപ്പോർട്ടു ചെയ്യാമെന്ന് പോൾ ബെയർ സമ്മതിച്ചിട്ടുണ്ട്. പോൾ ബെയറിന്റെ റിപ്പോർട്ടുകൾക്കായി കാത്തിരിക്കൂ.

**പി കെ സുധി**



രാധാകൃഷ്ണൻ ആലുവീട്ടിൽ

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് ഇനിയും അവസരം... www.eureka.kssp.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യൂ. ഒന്നാം വെല്ലുവിളി മുതൽ നിങ്ങൾക്ക് ഈ കളിയിൽ പങ്കെടുക്കാം.

# അകത്തളം
## അടിപൊളിയാക്കാം




ആറാം വെല്ലുവിളി

നമ്മുടെ ഈ വീട് പണിതിട്ട് എത്ര കാലമായി?

എന്തേ മടുത്തു തുടങ്ങിയോ?

മടുത്താൽ പുതിയ വീട് ഉണ്ടാക്കാൻ പറ്റുമോ?

എന്തിനാ പുതിയത് ഉണ്ടാക്കുന്നത്? ഇത് തന്നെ പുതിയത് ആക്കാലോ?

അതെങ്ങനെ?



കുറച്ച ദിവസമായി നിമിഷ ആലോചിക്കുന്നതാണ് വീടിനെ എങ്ങനെ പരിഷ്കരിക്കാമെന്ന്. പറയാൻ മടിച്ചതാണ് ഇപ്പോൾ കൈവന്നിരിക്കുന്നത്. പക്ഷേ, എന്തു ചെയ്യണം, എങ്ങനെ വേണം എന്നൊന്നും ഒരു പിടിയും കിട്ടാതെ വന്നപ്പോഴാണ് അച്ഛൻ തന്നെ സഹായിക്കാമെന്ന് ഏറ്റിരിക്കുന്നത്.

നിമിഷ ഒന്നും മിണ്ടാതിരിക്കുന്നത് കണ്ടപ്പോൾ അച്ഛൻ എഴുന്നേറ്റു കൊണ്ടു പറഞ്ഞു.

നീ ആദ്യം വീടിന്റെ പ്ലാൻ വരയ്ക്ക്. എന്നിട്ടാവാം ഡിസൈനിംഗ്.

പ്ലാനോ, അതെന്താ?

വീടിന്റെ ഏറ്റവും ലളിതമായ ചിത്രമാണ് പ്ലാൻ. വീടിന്റെ തറ മാത്രം മുകളിൽ നിന്ന് നോക്കിയാൽ കാണുന്ന ചിത്രം.

അവൾ ഓരോരോ മുറികളായി വരച്ചു തുടങ്ങി. മുകളിലെ മുറി എങ്ങനെ വരയ്ക്കണമെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല.

അവൾ നേരെ ചേട്ടനെ സമീപിച്ചു. തല ഉയർത്തി, ചെവിയിൽ നിന്നും ഇയർഫോൺ ഊരിമാറ്റി, ഫോൺ നീക്കിവച്ച് ചേട്ടൻ അനിയത്തിയെ കേൾക്കാൻ തയ്യാറായി.

നമുക്ക് ഈ വീട് പുതിയതാക്കണം. ഞാൻ പ്ലാൻ വരയ്ക്കുമ്പോൾ

മുകളിലെ മുറി എങ്ങനെ വരക്കണം എന്ന് മനസ്സിലാവുന്നില്ല.

മൊത്തത്തിൽ പുതുക്കി പണിയാൻ ഒരുപാട് ചെലവ് വരും. അതൊന്നും നടക്കില്ല. നമുക്ക് ഇന്റീരിയർ ഡിസൈൻ മാറ്റാം. അതാവുമ്പോൾ ചെലവ് കുറവ് മതി.

എത്ര ചെലവ് വരും? നിമിഷ പെട്ടെന്ന് ചോദിച്ചു.

ഇന്റീരിയർ ഡിസൈനിന് ചെലവൊന്നും വേണ്ട, ഭാവന മതി. അത് നിനക്ക് ഉണ്ടല്ലോ?

കളിയാക്കല്ലേ, ചേട്ടൻ പറയുന്നത് മനസ്സിലാവുന്നില്ല.

ഞാൻ മനസ്സിലാക്കിത്തരാം. ഈ മുറി



നോക്ക് എത്ര വൃത്തികേടായിട്ടാണ് കിടക്കുന്നത്. ഇതിന്റെ മൊത്തം കിടപ്പ് മാറ്റണം. സാധനങ്ങൾ സ്ഥാനം മാറ്റിയാൽ തന്നെ ഇതിനൊരു പുതിയ ലുക്ക് ഉണ്ടാവും കാണുമ്പോൾ പുതിയ മുറിയിലെത്തിയ പ്രതീതി ജനിപ്പിക്കണം. എന്താ പറ്റില്ലേ? എന്നാൽ നമുക്ക് ചേട്ടന്റെ മുറി ആദ്യം മാറ്റി നോക്കാം.

ഞാൻ റെഡി. നീ പകുതിക്ക് ഇട്ട് പോകരുത്.

ആദ്യം ഈ കട്ടിൽ ഇവിടുന്ന് മാറ്റാം, എന്നു പറഞ്ഞു കൊണ്ട് നിമിഷ കട്ടിൽ നീക്കാൻ തുടങ്ങി.

നിർത്ത് നിർത്ത്.

പെട്ടെന്ന് ചേട്ടൻ ഇടപെട്ടു.

ഇപ്പോഴത്തെ അവസ്ഥയാണോ, പുതിയതാണോ നല്ലത് എന്ന് അറിയണ്ടേ? അതിന് എന്തുചെയ്യും?

ഫോട്ടോ എടുത്ത് വയ്ക്കാം.

ഓക്കെ... നല്ല ഐഡിയ.

മാറ്റം വരുത്തിയ ശേഷം വീണ്ടും ഫോട്ടോ എടുത്താൽ അറിയാലോ ഏതാണ് നല്ലതെന്ന്.

ചേട്ടൻ നാലു വശത്തു നിന്നും ഫോട്ടോകൾ എടുത്തു.

ഈ മുറി നമുക്ക് തലകീഴാക്കി വയ്ക്കാം.. അമ്മ വന്നാൽ ഞെട്ടണം.

നിമിഷ കുറച്ചു നേരം ആലോചിച്ച ശേഷം പറഞ്ഞു. ഈ മുറിയിൽ ആവശ്യമില്ലാത്ത കുറെ സാധനങ്ങൾ ഉണ്ട്. അതെല്ലാം മാറ്റണം. എന്നിട്ട് വൃത്തിയാക്കണം.

എങ്ങനെയുണ്ട് നിമിഷയുടെ ആശയം?

പുതിയ വെല്ലുവിളി ഇതാണ്. വീട്ടിലെ ഒരു മുറിയോ മൊത്തത്തിലോ പുതിയ രീതിയിലേക്ക് മാറ്റിത്തീർക്കുക. മുൻപുള്ള ഫോട്ടോയും ശേഷമുള്ള ഫോട്ടോയും വെല്ലുവിളി ചേർക്കുന്ന സൈറ്റിൽ ഉൾച്ചേർക്കുക. (www.eureka.kssp.in) ഫോട്ടോ മാത്രം പോരാ. നിങ്ങളുടെ അനുഭവങ്ങളും പങ്കുവെക്കാൻ മറക്കരുത്.

പുതിയ നിർമാണങ്ങൾ ഒന്നും നടത്തേണ്ടതില്ല.

ചിത്രം വരയ്ക്കൽ, ഒട്ടിക്കൽ തുടങ്ങിയവ ആവാം. നിലവിലുള്ള സൗകര്യങ്ങളെ പരമാവധി ഉപയോഗപ്പെടുത്തൽ ആണ് വേണ്ടത്. നിങ്ങളുടെ ഭാവനയും ചിന്തയും പരമാവധി ഉപയോഗപ്പെടുത്താൻ കഴിയട്ടെ എന്നാശംസിക്കുന്നു.

**സ്നേഹത്തോടെ സുക്കറമ്മാവൻ**

# കാഴ്ചപ്പുറം

സുരഭിവചന

## വാരാചരണം

**ലോ**കാരോഗ്യസംഘടനയും ഐക്യരാഷ്ട്ര ശിശുക്ഷേമ സമിതിയും സഹകരിച്ചുകൊണ്ട് ആഗസ്റ്റ് 1 മുതൽ 7 വരെ ഒരു വാരാചരണം സംഘടിപ്പിക്കുന്നുണ്ട്.
ലോക മുലയൂട്ടൽ വാരാചരണമാണത്. ഇന്ത്യയുൾപ്പെടെ 170 രാജ്യങ്ങൾ ഈ പ്രവർത്തനത്തിൽ പങ്കാളികളാവും.

# മുല
# കുഞ്ഞ
# അവകാ

കുഞ്ഞിന്റെ വളർച്ച
ഒന്ന് മുലപ്പാലാണ്. മു
അമ്മയുടെയും ശാ
ആരോഗ്യത്തിന് അനി
ഭക്ഷണം നൽകാൻ
അത്ഭുത പ്രതിഭാസമാ
ശാരീരികക്ഷമത ഉറപ്പ
ളിലെ മുലയൂട്ടൽ അ
വിദഗ്ധർ പറയുന്നു. മു
പറയാൻ ഒരു ദിനം മ
നീണ്ടുനിൽക്കുന്ന
ആഗസ്റ്റിൽ



## എന്താണ് കുഞ്ഞിന്റെ ഭക്ഷണം?

**ആ**റുമാസം വരെ കുഞ്ഞിന് മുലപ്പാലല്ലാതെ ഒന്നും വേണ്ട. കുഞ്ഞിന് ആദ്യ ആറുമാസത്തിൽ വേണ്ടുന്ന എല്ലാ വിറ്റാമിനുകളും പോഷകഘടകങ്ങളും മുലപ്പാലിലടങ്ങിയിട്ടുണ്ട്. ഇതിനൊപ്പം തന്നെ കുഞ്ഞിനു പ്രതിരോധശേഷിയും കിട്ടുന്നു. ആറു മാസത്തിനുശേഷം മുലപ്പാലിനൊപ്പം മുത്താറിയോ വാഴപ്പഴമോ മറ്റു കുറുക്കുകളോ ഒക്കെ കൊടുക്കാം.

പ്രകൃതി

## മനുഷ്യൻ നന്നായേ

**മ**നുഷ്യന്റെ പ്രവൃത്തികൾ കാരണം ആവാസകേന്ദ്രങ്ങളില്ലു
വർഗങ്ങളെപ്പോലും വംശനാശത്തിലെത്തിക്കുന്നു. എന്താ
കടന്നുകയറ്റം മൂലം പ്രത്യേക ആവാസകേന്ദ്രത്തിൽ മാത്ര
കുറ്റിച്ചെടികളും വള്ളികളും വരെ നശിക്കുന്നു. ആവാസകേന്ദ്രത
നിരവധി ഓഷധികൾ ഭീഷണിയിലാണ്. സസ്യങ്ങളെയും ജ
ശത്തിൽ നിന്നും രക്ഷിക്കാനായി ഇന്ത്യയിൽ നിയമങ്ങളുണ്ട
ശത്തിന്റെ വക്കിലാണ്. ഇന്ത്യയുടെ അതിവിപുലമായ ജൈ
മുറകൾക്കായി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ
കണ്ടെത്തേണ്ടിയിരിക്കുന്നു. അമിത ചൂഷണവും കടന്നുകയറ്റ
നമ്മുടെ ജൈവവൈവിധ്യം ചുരുങ്ങിയനാൾകൊണ്ട് നശിച്ചു

# പ്പാൽ
# തിന്റെ
# ശമാണ്

യിൽ പ്രധാനപ്പെട്ട
ലയൂട്ടൽ കുഞ്ഞിന്റെയും
രീരിക മാനസിക
വാര്യമാണ്. കുഞ്ഞിന്
പ്രകൃതിയൊരുക്കിയ
ണിത്. ഒരു ജനതയുടെ
ാക്കാൻ ആദ്യമാസങ്ങ
ആവശ്യമാണെന്ന്
ലപ്പാലിന്റെ പ്രാധാന്യം
ാത്രമല്ല ഏഴ് ദിവസം
ആചരണമാണ്
വരുന്നത്.

## തീര്രു...

ണ്ടാകുന്ന മാറ്റം സസ്യ
ണെന്നോ? മനുഷ്യന്റെ
ം കാണുന്ന മരങ്ങളും
തിന്റെ നാശം കാരണം
ന്തുക്കളെയും വംശനാ
്. എന്നിട്ടും പലതും നാ
വവൈവിധ്യം ഭാവിതല
നമ്മൾ ഓരോരുത്തരും
വും നിർത്തിയില്ലെങ്കിൽ
മറഞ്ഞേക്കാം.

**മലിനീകരണം**

# മാർബിൾ കാൻസർ

തലക്കെട്ട് വായിച്ചില്ലേ! ഇങ്ങനെയൊരു വാക്ക് കേട്ടിട്ടുണ്ടോ?

ഇല്ലെങ്കിൽ പറയട്ടെ. ആദ്യം താജ്മഹലിനെക്കുറിച്ച് പറയാം. ഈ മനോഹര സ്മാരകം വെണ്ണക്കല്ല്(മാർബിൾ)കൊണ്ടാണ് ഉണ്ടാക്കിയത്. അന്തരീക്ഷത്തിലെ വായുവിൽ സൾഫർ ഡൈ ഓക്സൈഡിന്റെയും സൂക്ഷ്മകണ മാലിന്യങ്ങളുടെയും വർധന കാരണം പുപ്പൽബാധ താജ്മഹലിന്റെ മാർബിളിനു വന്നിരിക്കുകയാണ്. കറുപ്പും മണ്ണിന്റെ നിറവുമാണതിനിപ്പോൾ. ആഗ്രയിലെ വ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ വായുവിലൂടെയെത്തി താജ്മഹലിനെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതെ, താജിനിപ്പോൾ മാർബിൾ കാൻസറാണ്. മനുഷ്യനു മാത്രമല്ല കെട്ടിടങ്ങൾക്കും കാൻസർ ബാധിച്ചിരിക്കുകയാണ്. ഈ ഫാക്ടറികൾ ഉടൻ തന്നെ അടച്ചുപൂട്ടുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യാൻ സുപ്രീം കോടതി ഇപ്പോൾ നിർദേശിച്ചിരിക്കുകയാണ്.



**വിനോദം**

# നീന്തൽ


ഏറ്റവും പ്രധാന ജലവിനോദം ഏതാണ്?

അതെന്ത് ചോദിക്കാനാണ്, ല്ലേ? നീന്തൽ തന്നെ. എങ്ങനെയാണ് നീന്തൽ മത്സരം നടക്കുന്നത്?

പ്രത്യേകം നിർമിച്ചിട്ടുള്ള ടാങ്കുകളിലാണ് മത്സരം നടത്തുന്നത്. ആധുനിക ഒളിമ്പിക്സിന്റെ തുടക്കത്തിലേ കായികമത്സരമായി നീന്തലുണ്ട്. നാലിനങ്ങളാണ് പ്രധാനമായും നീന്തലിലുള്ളത്. ആ ഇനങ്ങൾ ഏതെല്ലാമാണ്. പറഞ്ഞുനോക്കൂ.

ഇല്ലെങ്കിൽ അടുത്ത ലക്കം കാണൂ.





# കഥവഴിയിൽ സ്വന്തം പാദങ്ങൾ പതിയണം

പ്രകൃതിയിലെ സഹജീവികളോടുള്ള കരുതലാണ് ധീരജിന്റെ കഥ. ഇക്കാര്യത്തിൽ ഞങ്ങൾക്ക് മുതിർന്നവർക്കില്ലാത്ത കാഴ്ചയുണ്ട് എന്ന ഉറച്ച നിലപാട്. കഥയാംവണ്ണം പറയുന്നു ഈ കഥ.

പ്രകൃതിയോടുള്ള ധ്യാനിന്റെ പ്രായശ്ചിത്തം ശ്രദ്ധേയമാകുന്നത് തിരുവാതിര ഞാറ്റുവേലയിലും വരണ്ടിരിക്കുന്ന കേരളത്തെ അറിയുമ്പോഴാണ്.

ധ്യാനിന്റെ കവിത ചെത്തിപ്പെറുക്കി അടുക്കേണ്ടി വന്നു. മാറ്റം ശ്രദ്ധിക്കുക. കാഴ്ചയിൽപ്പെടുന്ന നിറം കണ്ട് വിലയിരുത്തുമ്പോൾ പിഴയ്ക്കാം. അസ്മിൻ മനോഹരമായി ഈ ആശയത്തെ വരികളിലാക്കി. അതൊന്നും പറയാതെ. കവിത വിടരുന്നത് നമ്മുടെ മനസ്സിലാണെന്ന് ഉറപ്പ്. കവിതയുടെ തലക്കെട്ടിലും കവിതയുണ്ട്. അത് നിങ്ങൾ വായിച്ചെടുക്കണം.

വൈശാഖിന്റെ കഥ നർമമാണെന്ന് പറയാം. എന്നാൽ കഥ ഞെട്ടലായി മാറിയിരിക്കുന്നു. കുറിക്കുകൊള്ളുന്ന എഴുത്ത്. വൈശാഖ് എഴുതിയപ്പോൾ അനാഥമന്ദിരത്തിൽ അമ്മയാണെന്ന് ആദ്യമേ പറയുന്നുണ്ട്. ഇപ്പോൾ അങ്ങനെയല്ല. ഒടുവിൽ അത് പുറത്താക്കുന്നതാണ് ഭംഗി;ശക്തിയും . രണ്ടാം ക്ലാസ്സിലെ വിവാൻ പറയുന്നത് നമ്മുടെ പഞ്ചതന്ത്ര കഥകളുടെ ചേലുള്ള കഥയാണ്. മിന്നാമിനിങ്ങിന്റെ നുറുങ്ങുവെട്ടത്തിന് എന്തൊരു വെട്ടം എന്ന് തോന്നിപ്പിച്ചപ്പോൾ അത് വിവാന്റെ സ്വന്തം കഥയായി. സ്വന്തം കഥയെ സ്വന്തം കഥവഴിയിലൂടെ നടത്തിപ്പിച്ചാൽ ചന്തം ഏറെയാണ്.

**സഹചാരി**



# മിന്നാമിന്നികളുടെ വെട്ടം

**വിവാൻ**
2, ജി എൽ പി എസ് മൊയിലോത്തറ, മൊയിലോത്തറ പി.ഒ 673513




**അ**മ്മയാടുമായി മിന്നാമിന്നികൾക്ക് നല്ല കൂട്ടായിരുന്നു. അമ്മയാടിന്റെ ചുറ്റും മിന്നാമിന്നികൾ പാറിക്കളിക്കുന്നത് കുഞ്ഞിയാടുകൾക്ക് ഇഷ്ടമായിരുന്നില്ല. മിന്നി മിന്നി ശല്യപ്പെടുത്തുന്ന ഇത്തിരി കുഞ്ഞന്മാർ! കുഞ്ഞിയാടുകൾക്ക് മിന്നാമിന്നികളോട് ദേഷ്യമായിരുന്നു.

ഒരു ദിവസം തീറ്റ തേടിനടന്ന് കുഞ്ഞിയാടുകൾക്ക് വഴി തെറ്റി.

രാത്രിയായി. അവർ പേടിച്ചു വിറച്ചു. അപ്പോൾ, മിന്നാമിന്നികൾ കൂട്ടത്തോടെ പറന്നു വന്നു.

മിന്നാമിന്നികളുടെ ഇത്തിരി വെട്ടത്തിന് ഇപ്പോൾ എന്തൊരു വെട്ടം! വെട്ടം തെളിച്ച് മിന്നാമിന്നികൾ കുഞ്ഞിയാടുകളെ അമ്മയാടിന്റെ അടുത്തെത്തിച്ചു. അപ്പോൾ അവർക്കിടയിൽ ദേഷ്യമൊന്നും ഇല്ലായിരുന്നു.

ചിത്രീകരണം: **ധര ജി.ജെ,** 8 എഫ്, ഗവ.എച്ച്.എസ്.എസ്. പാല, കണ്ണൂർ.



# അനാഥമന്ദിരത്തിലെ സ്ത്രീ

**വൈശാഖ് എ**
7, ജി വി എച്ച് എസ് എസ്, മലയൻകീഴ്, തിരുവനന്തപുരം

'ഹലോ? അനാഥമന്ദിരമല്ലേ?'

'അതെ, എന്താണ്?'

'അവിടെ ഷൈല എന്നൊരു താമസക്കാരിയില്ലേ?'



'ഷൈലയോ? ഉവ്വ്, ഉണ്ടല്ലോ.'

'അവരുടെ കൂടെ എന്റെ ബ്രൗണിയുണ്ടോ എന്നു നോക്കാമോ?'

'ബ്രൗണിയോ? അതാരാണ്?'

'ബ്രൗണി, ഞാൻ വളർത്തുന്ന പട്ടിയാണ്. '

'ങാ, അവരുടെ കൂടെയൊരു പട്ടിയുണ്ട്.'

'ഹാവൂ! വളരെ നന്ദിയുണ്ട്. ഞാനിപ്പോൾത്തന്നെ വന്ന് ബ്രൗണിയെ കൊണ്ടുപോരാം.'

'ക്ഷമിക്കണം, നിങ്ങൾ ആരാണെന്നു പറഞ്ഞില്ലല്ലോ. ഷൈല നിങ്ങളുടെ ആരാണ്?'


'അമ്മയാണ്.'

ചിത്രീകരണം: **അനൈനൻജിത്ത്,** 7 എ, കുന്നംകുളങ്ങര എ.എ.യു.പി.എസ്, കോഴിക്കോട്.

## അധ്യാപകർ

**അസ്മിൻ നൈല**
എം ഇ എസ് എച്ച് എസ് എസ് എസ്,
മണ്ണാർക്കാട്, പാലക്കാട്.

ആ വലിയ കൊമ്പിലെ ഒരില മാത്രം
കടുംപച്ചയായിരുന്നു
കൊടും ചൂടിൽ ഞെട്ടറ്റുവീണ
ഒരു ചെറിയ പൂമൊട്ടാണ് ആ ഇലയെ മറിച്ചിട്ടത്...
അപ്പോഴാണറിഞ്ഞത് ആ ഇലയുടെ
മറുവശം ഇളം പച്ചയായിരുന്നുവെന്ന്...



# പ്രായശ്ചിത്തം ചെയ്യാം...

**ധ്യാൻ വി**
7, മെഡിക്കൽ കോളെജ് കാമ്പസ് ഹൈസ്കൂൾ, കോഴിക്കോട് 673008

വേനൽച്ചൂടിനെ ശമിപ്പിക്കാൻ
മഴയെ കാത്തു ഞാനേറെനാൾ



മരങ്ങൾ ഏറെ മുറിച്ചിട്ടോ
കുളങ്ങളെല്ലാം മൂടിയിട്ടോ
എന്തേ മഴ, നീ വന്നീലാ
എന്തേ കുളിരു പകർന്നീലാ?
നട്ടുപിടിപ്പിച്ചീടാം ഞാൻ
മരങ്ങൾ നിന്റെ മനം നിറയാൻ
വെട്ടിയൊരുക്കിത്തീർത്തീടാം
കുളങ്ങൾ നിന്റെ മനംനിറയാൻ
എങ്കിൽ എന്റെ മനം നിറയാൻ
വരില്ലെ, ദാഹം തീർക്കാൻ നീ?
ചാറ്റൽ മഴയായ് തലോടില്ലേ,
പേമാരിയായ് പുണരില്ലേ?
ആ തണുപ്പിൽ മതിവരുവോളം
മദിച്ചിടട്ടേ ഞാനെന്നാൽ...

ചിത്രീകരണം: **ഇള എസ്,** 3 ാം തരം, ഡി.വി.എൽ.പി.എസ്, പുത്തൻകുളം, കൊല്ലം.

---

# പഴത്തൊലി

**ധീരജ് ആർ,** 6 സി, എ.യു.പി.എസ്. വെറ്റൂർ.

**അ**ബ്ദുണ്ണിയുടെ വീടിനുചുറ്റും ഒരു കൊച്ചു മതിലുണ്ട്. മതിലിന്റെ അപ്പുറത്ത് മുൾച്ചെടികളാണ്. കൂർത്ത കല്ലുകളും. രണ്ടും അപകടകാരികൾ.

അന്ന് അബ്ദുണ്ണിയുടെ ഉപ്പ ഒരു പഴത്തൊലി മതിലിന്റെ അപ്പുറത്തേക്ക് എറിഞ്ഞു. അത് വീണത് മതിലിന്റെ മുകളിലും! ഉമ്മറത്ത് പഠിക്കുകയായിരുന്ന അബ്ദുണ്ണി ഓടിച്ചെന്ന് പഴത്തൊലിയെടുത്ത് അപ്പുറത്തേയ്ക്കെറിഞ്ഞു.

“അത് അവിടെക്കെടന്നാ ന്താ കൊഴപ്പം.” ഉമ്മ ചോദിച്ചു.

“പഴത്തൊലിയില് ചവിട്ട്യാ, വഴുക്കി വീഴില്ലേ?” അതായിരുന്നു അബ്ദുണ്ണിയുടെ മറുപടി.

“അതിന് അവിടെ ആരും നടക്കാൻ പോണില്ല്യാലോ?”



“വല്ല പൂച്ചയോ അണ്ണാനോ പഴത്തൊലീമേ ചവിട്ടി വഴുക്കി വീണാ, ഒന്നെങ്കി മുള്ളു കൊണ്ട് ദേഹം മുറിയും, അല്ലെങ്കി കല്ലി വീണ് ചാവും.”

ഉപ്പ അബ്ദുണ്ണിയെത്തന്നെ നോക്കിനിന്നു. അദ്ദേഹത്തിന്റെ കണ്ണിൽ അപ്പോൾ നിറയെ ചിരിയായിരുന്നു.

ചിത്രീകരണം: **ഗൗരി ശിജ പുതിയവിള,** 6 എ, ഗവ.ഗേൾസ് എച്ച്.എസ്, ആലുവ.



# അമ്മമണമുള്ള കനിവുകൾ

**ഇ. എൻ. ഷീജ**

ചിത്രീകരണം: പ്രശാന്തൻ മുരിങ്ങേരി

## കുളക്കരയിലെ തർക്കം

കനി അവളുടെ കുഞ്ഞിപ്പെട്ടി തുറന്നു. പെട്ടി നിറഞ്ഞു തുടങ്ങിയിരിക്കുന്നു. ഇളംകാറ്റ് കൊണ്ടുവന്നു തന്ന പുല്ലാനിപ്പൂക്കൾക്കും അപ്പൂപ്പൻ താടിക്കുമൊന്നും ഒരു കേടും പറ്റിയിട്ടില്ല. പുല്ലാനിപ്പൂക്കൾ ഉണങ്ങിയിട്ടുണ്ട്. അവൾ ഒരു പൂവെടുത്ത് തിരിച്ചുവിട്ടു. പമ്പരം പോലെ കറങ്ങിക്കറങ്ങി പൂവ് കനിയുടെ മടിയിൽ വന്നിരുന്നു. കൊതിമൂത്ത അപ്പൂപ്പൻതാടിയും പിന്നാലെ പാറിവന്നു. കനി അപ്പൂപ്പൻതാടിയെ സ്നേഹപൂർവം ഒന്നൂതി. ആഹ്ലാദത്തോടെ പൊന്തിപ്പറന്ന് അപ്പൂപ്പൻതാടി പിന്നെയും കനിയുടെ മടിയിൽ വന്നിരുന്നു.

പാവം...കനി കളിയാക്കി.

**തിത്തിര അവൾക്കൊരു സമ്മാനം നൽകി. അതാണ് ഈ തൂവൽ. ഒരു സ്നേഹത്തൂവൽ.. ചെപ്പും തൂവലും.. രണ്ടമ്മമാരുടെ സ്നേഹസമ്മാനങ്ങൾ.**

കുസൃതിക്കുടുക്കകളായ മഞ്ചാടിമുത്തുകളെ കനി ഒന്നു തൊട്ടതേയുള്ളൂ. അവർ കിലുകിലെ ചിരിച്ചു.

"ദാ.. നിങ്ങൾക്ക് പുതിയ രണ്ട് കൂട്ടുകാർ കൂടി വന്നിട്ടുണ്ട് ട്ടോ.." കനി ചുവന്ന ചെപ്പും ഒരു തൂവലും കയ്യിലെടുത്തു. കനിക്ക് തിത്തിരയെ ഓർമ വന്നു.

വാവയുടെ അമ്മ നൽകിയ സ്നേഹസമ്മാനവും നെഞ്ചിലേറ്റി നടക്കുമ്പോഴാണ് തിത്തിരയുടെ മുട്ടകൾ വിരിഞ്ഞൂന്ന് കേട്ടത്. നാലു പൊന്നോമനകൾ. എന്തു മാർദവമാണ് അവരുടെ മേനിക്ക്! നാലും വാ തുറന്ന് കരച്ചിലോട് കരച്ചിൽ. തിത്തിര അവരുടെ വായിലേക്ക് എത്ര സ്നേഹത്തോടെയാണ് ആഹാരം വെച്ചുകൊടുക്കുന്നത്. കുറേനേരം കഴിഞ്ഞ് തിരിച്ചുപോരുമ്പോൾ തിത്തിര അവൾക്കൊരു സമ്മാനം നൽകി. അതാണ് ഈ തൂവൽ. ഒരു സ്നേഹത്തൂവൽ.. ചെപ്പും തൂവലും.. രണ്ടമ്മമാരുടെ സ്നേഹസമ്മാനങ്ങൾ.

അവൾ ചെപ്പു തുറന്നു. സുന്ദരിവാവയോട് കിന്നാരം പറഞ്ഞു. തൂവലെടുത്ത് കവിളിൽ ചേർത്തു. ഒരമ്മയുടെ സ്നേഹമത്രയും അവളുടെ ഉള്ളിലേക്ക് കിനിഞ്ഞിറങ്ങി.

തൂവൽ ചെപ്പിനു മുകളിൽ വച്ച് കനി പെട്ടി

അടയ്ക്കാനൊരുങ്ങി. അല്ലാ.. ആരോ പെട്ടിക്കുള്ളിൽ നിന്നും എത്തിനോക്കുന്നുണ്ടല്ലോ.. ഓ.. ചുവപ്പ് പേന. അടുത്ത വീട്ടിലെ നീതച്ചേച്ചീടെ ബാഗിൽ ഗമയോടെ ഇരുന്നിരുന്നതാണ്. മഷി കഴിഞ്ഞപ്പോൾ നീതച്ചേച്ചി അത് കനിക്ക് സമ്മാനിച്ചു. കനി പേന കയ്യിലെടുത്തു.

"നീ പെണങ്ങണ്ടാ ട്ടോ. ഞാൻ നിന്നെ മറന്നിട്ടൊന്നുമില്ല." അവൾ സ്നേഹത്തോടെ പേന തലോടി.. പെട്ടി അടച്ച് എഴുന്നേറ്റു.

പൊന്മ മീൻപിടിക്കുന്നത് കാണാൻ പോണം. നല്ല രസമുള്ള കാഴ്ചയാണത്. വെള്ളത്തിൽ തുള്ളിക്കളിക്കുന്ന മീൻ അടുത്ത നിമിഷം അവളുടെ ചുണ്ടിൽ കിടന്നു പിടയും. ചടുലമായ ചലനങ്ങൾ. മീൻ അവളുടെ വയറ്റിലായിട്ടുണ്ടാവും. ഓരോ തവണയും ഈ കാഴ്ച കനിയെ ഹരംപിടിപ്പിക്കാറുണ്ട്. അവൾ വേഗം കുളക്കരയിലേക്ക് നടന്നു.



കുളക്കരയിൽ വലിയൊരു ആൽമരമുണ്ട്. ആൽമരത്തിൽ നിറയെ വവ്വാലുകളും. കലപില കലപില ബഹളം വെക്കുന്ന വവ്വാലുകൾ. ആൽമരച്ചോട്ടിൽ കനിയും കൂട്ടുകാരും ഒത്തുകൂടാറുണ്ട്. നല്ല രസമാണ് അവിടെയിരുന്നങ്ങനെ സല്ലപിക്കാൻ. ഒറ്റ കുഴപ്പമേയുള്ളൂ. ആ വവ്വാലുകളുടെ ഒച്ചപ്പാട്. എന്തിനാണാവോ അവരിങ്ങനെ വഴക്ക് കൂടുന്നത്. തീരെ സഹിക്കാൻ പറ്റാതാവുമ്പോൾ കനിയും കൂട്ടരും മിണ്ടാതിരിക്കും. ഇളംകാറ്റിന് മാത്രം ഒരു പ്രശ്നവുമില്ല. അവൻ ആലിലകൾക്കിടയിൽ നൃത്തം ചെയ്തുകൊണ്ടേയിരിക്കും.

"ഇന്നും നല്ല ബഹളം കേൾക്കുന്നുണ്ടല്ലോ. പകൽ മുഴുവനും മിണ്ടാതെ തൂങ്ങിക്കിടന്ന് വൈകുന്നേരമാവുമ്പോഴേക്ക് തുടങ്ങിക്കോളും." കനി നേർത്ത ചിരിയോടെ പിറുപിറുത്തു.

"കനി ഒന്നു നിന്നേ", തത്ത അവളുടെ മുന്നിൽ പറന്നു വീണു.

"എന്താ കാര്യം..? കനി ആകാംക്ഷയോടെ തിരക്കി.

"അതേയ്.. കുളക്കരയിൽ വലിയ വഴക്ക്." തത്ത കിതച്ചു.

"ഓ.. അതെന്നുമുള്ളതല്ലേ.. ആ വവ്വാലുകൾക്ക് വേറെ പണിയില്ലാഞ്ഞിട്ട്..." അവൾ നിസ്സാരഭാവത്തിൽ ചിരിച്ചു.

"അയ്യോ.. ഇതതല്ല.. നമ്മുടെ പൊന്മപ്പെണ്ണും വേറൊരു മീൻകൊത്തീം തമ്മില് പൊരിഞ്ഞ വഴക്ക്.. കനി വേഗം വാ." തത്ത തിരുത്തി.

"ങേ.. നമ്മുടെ പൊന്മപ്പെണ്ണ് വഴക്ക് കൂട്യേ.." കനി കുളക്കരയിലേക്കോടി. തത്ത കിതച്ചു കൊണ്ട് പിന്നാലെ

പറന്നു.

കുളക്കരയിലെ ശണ്ഠയ്ക്ക് ശക്തി കൂടി വരികയാണ്. പൊന്മയുടെ മുഖം ദേഷ്യം കൊണ്ട് ചുവന്നിരിക്കുന്നു. അവളുടെ മുന്നിൽ ഒരു വലിയ മീൻകൊത്തി. പൊന്മപ്പെണ്ണിന്റെ ഇരട്ടിയിലധികം വലിപ്പമുണ്ട് അവന്. എങ്കിലും അവൾ വീറോടെ എതിരാളിയെ ശകാരിക്കുകയാണ്. വായുവിലൂടെ ഊളിയിട്ട് പറന്ന് അവന്റെ കത്തിച്ചുണ്ടിൽ നിന്ന് ഒഴിഞ്ഞു മാറുന്നുമുണ്ട്.



“എന്താ പൊന്മേ പ്രശ്നം? ഇതാരാ.." കനി ചോദ്യഭാവത്തിൽ വലിയ മീൻകൊത്തിയെ നോക്കി.

"ഒന്നും പറയണ്ട കനീ.. ഇവൻ ഇന്നാദ്യമായാണ് ഇവിടെ വരുന്നത്. വന്നോട്ടെ.. പക്ഷേ, വന്നപ്പോൾ മുതൽ വല്യ അക്രമം കാട്ടുകയാണ്." കനിയെ കണ്ടതോടെ പൊന്മ പരാതിയുടെ കെട്ടഴിച്ചു.

"കുറച്ചുമുമ്പ് ഞാനൊരു മീൻ പിടിച്ച് ഈ മരക്കൊമ്പിലേക്കു വരികയായിരുന്നു. അൽപ്പം വലിയ മീനായതുകൊണ്ട് അതെന്റെ കൊക്കിൽ നിന്ന് വഴുതി വീണു. അപ്പോഴേക്കും ഇവനതിനെ കൊക്കിലാക്കി വിഴുങ്ങിക്കളഞ്ഞു. ദുഷ്ടൻ.. എന്നിട്ടോ.. അതിനെക്കുറിച്ച് ചോദിക്കാൻ ചെന്ന എന്നെ കൊത്തിക്കീറാൻ വരുന്നു." പൊന്മ സങ്കടത്തോടെ തുടർന്നു.

"അപ്പോൾ അതാണ് കാര്യം ല്ലേ. നിനക്ക് സ്വന്തായിട്ട് മീൻപിടിച്ച് തിന്നൂടെ? മറ്റൊരാൾ പിടിച്ചത് തട്ടിപ്പറിക്കേണ്ട കാര്യം ണ്ടോ?" കനി വലിയ മീൻകൊത്തിയെ രൂക്ഷമായി നോക്കി. പൊന്മ കനിയുടെ അരികിൽ വന്നു നിന്നപ്പോൾ മുതൽ അവൻ അനങ്ങാതെ അവരെത്തന്നെ നോക്കി നിൽപ്പാണ്.

കനി കൈവീശി ശകാരം തുടർന്നു. കനിയുടെ സാന്നിധ്യം കൂട്ടുകാർക്കും ധൈര്യം പകർന്നു. പൊന്മയും തത്തയും വീറോടെ രംഗത്തിറങ്ങി. ആൽമരത്തിലെ വവ്വാലുകൾ ചിറകടിച്ച് പറന്നു. ചിറകടിയും ബഹളവും.. ആകെ ഒരു യുദ്ധപ്രതീതി. സഹികെട്ടതുപോലെ മീൻകൊത്തി ഒന്നു ചിറകു കുടഞ്ഞു. കനിയേയും കൂട്ടുകാരേയും ദേഷ്യത്തോടെ നോക്കിക്കൊണ്ട് അവൻ ചിറകടിച്ച് പറന്നുയർന്നു.

(തുടരും)

# വേനലിൽ പൂക്കുന്നവർ

**അവധിക്കാല ഫോട്ടോ–കുറിപ്പ് മത്സരത്തിലെ വിജയികൾ**

കൂട്ടുകാരേ, ഫോട്ടോ എടുക്കൂ... കുറിപ്പുണ്ടാക്കൂ... മത്സരവിജയികളെ പ്രഖ്യാപിക്കുകയാണ്.

ഒന്നാം സമ്മാനം നീരജ സന്തോഷ്

ഇതാ നീരജയുടെ കുറിപ്പും ഫോട്ടോയും

## അഗ്നിയിൽ കുരുത്ത്....

സ്കൂൾ പൂട്ടി.... വേനലിന്റെ ചൂട് സഹിക്കാൻ പറ്റുന്നില്ല... നമ്മുടെ കണ്ണിനെ വിസ്മയിപ്പിക്കാൻ പ്രകൃതി നമുക്കായി ഒരുക്കിത്തന്ന ഒന്നുണ്ട്... പൂത്തുലഞ്ഞ് നിൽക്കുന്ന വൃക്ഷങ്ങൾ. വിഷുവിന്റെ വരവറിയിച്ചുകൊണ്ടെത്തുന്ന മഞ്ഞപൂതച്ച കണിക്കൊന്ന മുതൽ വാക, രാജമല്ലി, ചമത... അങ്ങനെ അതിന്റെ ലിസ്റ്റ് നീളുന്നു. കാലാവസ്ഥാ മാറ്റത്തിനനുസരിച്ച് പൂക്കുന്ന കാലയളവ് ഇപ്പോൾ മാറിക്കൊണ്ടിരിക്കുന്നുണ്ട്.

നീലാകാശത്തിൽ ചുവന്ന പൂക്കൾ വിതറി തലയുയർത്തി നിൽക്കുന്ന വാകയെ ഒരിക്കൽ നേരിട്ട് കണ്ടാൽ പിന്നീട് ആ ചിത്രം മനസ്സിൽനിന്ന് പോകില്ല. അത് അത്രയും നമ്മെ സ്വാധീനിച്ചിട്ടുണ്ടാകും. നമ്മൾ സ്നേഹത്തോടെ വാക എന്ന് വിളിക്കുന്ന ഈ മരം പ്രസിദ്ധമായത് മറ്റൊരു പേരിലൂടെയാണ്. "ഗുൽമോഹർ". ഇതിന്റെ മറ്റൊരു പേരാണ് അലസിപ്പൂമരം. *സിസാൽ പിനിയേസി* എന്ന സസ്യകുടുംബത്തിൽപ്പെട്ട ഈ മരത്തിന്റെ ശാസ്ത്രീയനാമം *ഡിലോണിക്സ് റീജിയ* എന്നാണ്. ചൂട് കൂടിവരുന്ന ഏപ്രിൽ – മെയ് മാസങ്ങളിലാണ് സാധാരണയായി ഈ മരം പൂക്കാറുള്ളത്. ചുവന്ന് തുടുത്ത പൂക്കൾ വഴിയോരങ്ങളിൽ കൊഴിഞ്ഞ് വീഴുമ്പോൾ അത് കടും കറുപ്പാർന്ന റോഡിന് ഒരു ചുവന്ന പട്ടുടുപ്പിക്കുന്നത് പോലെയാകുന്നു. ഒരു തണൽമരമായി ഇതിനെ വഴിയോരങ്ങളിൽ വച്ചുപിടിപ്പിക്കാറുണ്ട്. ആൾക്ക് വല്യ പൊക്കമൊക്കെയുണ്ടെങ്കിലും കൈകൾക്ക് (ശാഖകൾക്ക്) വല്യ ബലമൊന്നുമില്ല.

വേനൽക്കാലത്ത് ഒരുവിധം മരങ്ങളെല്ലാം തളർന്ന് നിൽക്കുമെങ്കിലും ഈ മരം പൂവണിഞ്ഞ് നിൽക്കും. വാകയ്ക്ക് വരൾച്ചയും ശൈത്യവുമെല്ലാം താങ്ങാനുള്ള ശേഷിയുണ്ട്.



വാകയുടെ തടിക്ക് ഈടും ബലവും കുറവാണ്. അതുകൊണ്ട് മുഖ്യമായും ഇവ വിറകിനാണ് ഉപയോഗിക്കുന്നത്.

പൂവാണ് വാകയുടെ ഭംഗി കൂട്ടുന്നത്. ചുവന്ന നിറത്തിലുള്ള, അഗ്നിയിൽ കുരുത്ത, പൂക്കളുടെ താഴെ, മഞ്ഞനിറത്തിലുള്ള ചെറിയ പശയുള്ള ഇതളുകൾ. സ്കൂളിലെ വാകമരത്തിൽനിന്ന് പൂ അടർന്ന് വീഴുമ്പോൾ ഞങ്ങൾ ഓടിച്ചെന്ന് അതു പെറുക്കും. മഞ്ഞ ഇതളുകൾ അറുത്തെടുത്ത് അതിലെ പശ വച്ച് നഖത്തിലൊട്ടിക്കും. വെള്ള നഖത്തിൽ മഞ്ഞ, പെയിന്റടിച്ചപോലെ.

എന്തൊക്കെയായാലും ഈ കടുംചൂടിൽ തളരാതെ തലയുയർത്തിനിൽക്കുന്ന വാക ഏതു പ്രതിസന്ധിയെയും തരണം ചെയ്യാൻ പ്രാപ്തി തരുന്നില്ലേ, എനിക്ക് അങ്ങനെ തോന്നുന്നു.

**നീരജ സന്തോഷ്,** തീരം ഹൗസ്, ആർമ്മാട്, കുപ്പാടി പി.ഒ., സുൽത്താൻബത്തേരി, വയനാട്– 673592

പ്രോത്സാഹന സമ്മാനം : **നിവേദിത പി കെ,** നരിക്കുനി യു പി എസ്, എടച്ചേരി, വടകര.



ഡോ.സംഗീത ചേനംപുല്ലി

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



# ഈ പുസ്തകൊക്കെ അടുക്കിവെച്ചിട്ടെന്താ കാര്യം?

അപ്പു കളികഴിഞ്ഞുവന്നപ്പോൾ അലമാരയിൽ പുസ്തകങ്ങൾ തരംതിരിച്ച് അടുക്കിവെക്കുകയായിരുന്നു അമ്മ. കവിത, കഥ, നോവൽ എന്നിങ്ങനെ ലേബലുകൾ അലമാരയുടെ തട്ടുകളിൽ ഒട്ടിച്ചു വച്ചിട്ടുണ്ട്. ഒരു നോട്ടുപുസ്തകത്തിൽ ഓരോന്നിനും പ്രത്യേക പട്ടികയുമുണ്ടാക്കിയിട്ടുണ്ട്. ഇതെന്തിനാണ് എന്ന ചോദ്യം മനസ്സിലേക്ക് വന്നെങ്കിലും വിശപ്പ് കഠിനമായിരുന്നു. അവൻ ധൃതിയിൽ കൈയ്യുംകാലും കഴുകി അടുക്കളയിലേക്കോടി. ഭക്ഷണം കഴിഞ്ഞപ്പോഴേക്കും പുസ്തകത്തിന്റെ കാര്യമൊക്കെ അപ്പു മറന്നിരുന്നു. ഇന്നലെ കണ്ട് പകുതിയാക്കിയ സിനിമയുടെ ബാക്കി കാണാനായി അവൻ കമ്പ്യൂട്ടർ ഓൺ ചെയ്തു.

“അപ്പൂ സ്കൂൾ തുറക്കാനിനി ഒരു ദിവസമല്ലേയുള്ളൂ. നിന്റെ പുസ്തകങ്ങളെല്ലാം ഒന്നൊതുക്കി വെക്കരുതോ? എല്ലാം കൂടി കൂട്ടിയിട്ടിരിക്കുന്നു. ടെക്സ്റ്റ് ബുക്കുകളും നോട്ട് ബുക്കുകളുമെല്ലാം തരം തിരിച്ച് ഒതുക്കി വെക്ക്. സ്കൂളിലേക്കുള്ള പുസ്തകങ്ങളല്ലാത്തത് വേറൊരു തട്ടിൽ വെക്ക്” അമ്മ ഉറക്കെ വിളിച്ചു പറഞ്ഞു.

“നേരത്തെ തന്നെ ചോദിക്കണം എന്ന് വിചാരിച്ചതാ അമ്മേ, എന്തിനാ ഈ പുസ്തകങ്ങളൊക്കെ ഇങ്ങനെ തരംതിരിച്ച് അടുക്കിവെക്കുന്നത്?”

“ഓരോന്നും തരംതിരിച്ച് വെച്ചാൽ പിന്നീട് തിരയുമ്പോൾ എളുപ്പമാവില്ലേ അപ്പൂ. പട്ടികയുണ്ടാക്കിവെച്ചാൽ ഓരോ പുസ്തകത്തിന്റെയും എണ്ണവും ഇരിക്കേണ്ട സ്ഥാനവുമെല്ലാം എളുപ്പത്തിൽ മനസ്സിലാക്കുകയുമാവാം. അപ്പോൾ പിന്നെ തിരഞ്ഞുതിരഞ്ഞ് സമയവും കളയണ്ട.”

അപ്പുവിന്റെ മനസ്സിൽ ഒരു ബൾബ് മിന്നി. “പാചകം കഴിഞ്ഞാൽ കറിപ്പൊടികൾ അതാതിടത്ത് വെക്കണം എന്ന് അച്ഛനോടും കഴുകിയ ശേഷം പാത്രങ്ങൾ ഷെൽഫിൽ അതിന്റെ സ്ഥലത്ത് തന്നെ വെക്കണം എന്നെന്നോടും പറയുന്നതും അതുകൊണ്ടാണല്ലേ?”

“മിടുക്കൻ. അതുതന്നെ. തിരക്കിൽ ചായയിൽ പഞ്ചസാരയ്ക്ക് പകരം ഉപ്പും മീൻകറിയിൽ സാമ്പാർ പൊടിയും മറ്റും ആയിപ്പോവരുതല്ലോ. ഇനം തിരിച്ച് അടുക്കി വെച്ചാൽ കാര്യങ്ങൾ എളുപ്പമാവും.”

ഉപ്പിട്ട ചായ കുടിക്കേണ്ടി വരുന്നത്

ആലോചിക്കുന്നതിനിടയിൽ അമ്മയുടെ ചോദ്യം വന്നു. "നമുക്ക് നമ്മുടെ ചുറ്റുപാടും കാണുന്നതിനെ ഒന്ന് തരംതിരിച്ച് കളിച്ചാലോ അപ്പൂ."

"കളിക്കാലോ, ഞാൻ റെഡി." അവൻ അമ്മയുടെ മേശക്കപ്പുറമിരുന്നു.

"ഞാൻ ചില വസ്തുക്കളുടെ പേര് പറയും. അമ്മ പറയുന്ന വസ്തു ഖരമാണോ ദ്രാവകമാണോ വാതകമാണോ എന്നപ്പു പറയണം. ഉദാഹരണമായി കല്ല്- ഖരം, പുക- വാതകം, പാൽ-ദ്രാവകം.."

"മനസ്സിലായി മനസ്സിലായി, അരി-ഖരം, കാപ്പി-ദ്രാവകം.." അവൻ ആവേശഭരിതനായി.

കളി കുറേ നേരം പിന്നിട്ടപ്പോൾ അമ്മ പറഞ്ഞു:"ഡാ അപ്പൂ, നമ്മള് ഇപ്പോ ചെയ്തത് സയൻസിന്റെ അടിസ്ഥാന കാര്യങ്ങളിലൊന്നാണ് ട്ടോ."

"ഹ ഹ... കളിയാണോ സയൻസിന്റെ അടിസ്ഥാനം. അമ്മ ആള് തമാശക്കാരിയാണല്ലോ."

ആവർത്തനപ്പട്ടികയുടെ 150-ാം വാർഷികം

"ഞാൻ വെറുതെ പറഞ്ഞതല്ലെടാ. നീ ആലോചിച്ചിട്ടുണ്ടോ,.." അമ്മ ഒന്ന് നിർത്തി.

"എന്ത് ആലോചിച്ചിട്ടുണ്ടോ എന്നാ അമ്മ ചോദിക്കുന്നത്."

"ഈ തരം തിരിച്ച് കാര്യങ്ങളെ മനസ്സിലാക്കാൻ എപ്പഴാ മനുഷ്യര് തൊടങ്ങീട്ടുണ്ടാവുക."

"അത്.... കൊറേ സാധനങ്ങളെടേൽ നിന്ന് വേണ്ട സാധനം കിട്ടാണ്ടായ ആരെങ്കിലും മെനക്കെട്ട് അങ്ങിനെ ചെയ്തിട്ടുണ്ടാവും. പിന്നെ അത് കണ്ട ബാക്കിള്ളോരും അങ്ങിനെ ചെയ്തിട്ടുണ്ടാവും."



അമ്മ ചിരിച്ചു. "എളുപ്പത്തിൽ പറഞ്ഞു തീർക്കാൻ നീ മിടുക്കനാ. വേഗം പണി കഴിയും. പിന്നേം പിന്നേം പഴയ കാലത്തേക്ക് ആലോചിച്ച് നോക്ക്."

"കൊറേ കൊറേ ന്ന് പറഞ്ഞാല് എത്ര പോണം. നൂറ് കൊല്ലം പുറകോട്ട് ആലോചിച്ചാ മത്യോ."

"പോരാ. നമുക്ക് സങ്കൽപ്പിക്കാൻ പറ്റുന്ന അത്ര പുറകോട്ട്."

"കൊറേ കൊറേ പുറകോട്ട് പോയാല് മനുഷ്യര് കാട്ടിലാ താമസിച്ചത് ന്നൊക്കെ അമ്മ തന്നെയല്ലേ പറഞ്ഞത്. അന്ന് അവര്ക്ക് തരം തിരിക്കാനൊന്നും ഇല്ലാലോ. കാട്ടിന്ന് കിട്ടിയ പഴങ്ങള് കഴിക്കും വല്ല ഗുഹേലോ മറ്റോ കഴിയും."


"അതൊക്കെ ശരി

ആഗസ്റ്റ് 1 മുതൽ 7 വരെ ലോക മുലയൂട്ടൽ വാരാചരണം

# അമൃതം

**പാപ്പച്ചൻ കടമക്കുടി**

ചിത്രീകരണം: കെ.സതീഷ്



**അ**മ്മിഞ്ഞയ്ക്കായ് കരയും കുഞ്ഞിനൊ–
രുമ്മകൊടുക്കുന്നമ്മ.
വിങ്ങിക്കരയും മിഴികളിലിറ്റും
കണ്ണീർ നിന്നു തുളുമ്പീ.
പയ്യെപ്പയ്യെ ചൊടിയിലുദിച്ചൂ
ഇത്തിരിയുള്ള നിലാവ്.
അമ്മിഞ്ഞക്കുടമെവിടങ്ങോട്ടാ–
ക്കള്ളൻ കണ്ണുതിരിച്ചൂ.
അമൃതായൊഴുകും വാത്സല്യത്തിൽ
അമ്മയലിഞ്ഞൂ, കുഞ്ഞും...!

യാ. ഭൂമിയിലെ വസ്തുക്കളെ തരംതിരിക്കാനുള്ള ശ്രമവും അക്കാലത്ത് തന്നെ തൊടങ്ങിട്ടുണ്ടാവും. ചുറ്റും കാണുന്ന  ചെടികളെ ഉപകാരമുള്ളവയെന്നും ഉപകാരമില്ലാത്തവയെന്നും വിഷമുള്ളവയെന്നും ആദ്യകാല മനുഷ്യര് തരം തിരിച്ചിരിക്കും. ഭക്ഷണമായി ഉപയോഗിക്കാൻ പറ്റുന്ന വസ്തുക്കളേയും പറ്റാത്ത വസ്തുക്കളേയും തീർച്ചയായും അവർ ഇനം തിരിച്ച് മനസ്സിലാക്കിയിരിക്കും. ഉപദ്രവകാരികളായ ജന്തുക്കളെയും അല്ലാത്തവയേയും തിരിച്ചറിഞ്ഞ് അവർ മനസ്സിലാക്കിയിരിക്കും."

"ഓ എന്തൊക്കെ അനുഭവിച്ചറിഞ്ഞായിരിക്കും അവർ മുന്നേറിയിട്ടുണ്ടാവുക, ഓർക്കുമ്പോൾ തന്നെ പേടി തോന്നുന്നു. വിഷമുള്ള കായ്കളൊക്കെ തിരിച്ചറിയാതെ അവര് കഴിച്ചിട്ടുണ്ടാവുമല്ലേ അമ്മേ."

"നീ  പറഞ്ഞത്  ശരിയാ.  അങ്ങനെ പലരും മരിച്ചിരിക്കും. അപ്പോ അത് കഴിക്കാൻ പാടില്ലാത്തതാണെന്ന് ബാക്കിള്ളോര് മനസ്സിലാക്കീട്ട് ണ്ടാവും. ആ അനുഭവങ്ങളെ മുൻനിർത്തിയാണ് അവർ ജീവിതത്തില ആദ്യപാഠങ്ങൾ ഉൾക്കൊണ്ടത്. വേറൊരു രീതിയിൽ പറഞ്ഞാൽ ശാസ്ത്രത്തിന്റെ ആദ്യ ചുവടുകൾ."

അപ്പുവിന്റെ മനസ്സ് കാട്ടുമനുഷ്യരിൽ തന്നെയായിരുന്നു. അമ്മ അവന്റെ തോളിൽ തട്ടി.

"ഇനം തിരിച്ച് വസ്തുക്കളെ മനസ്സിലാക്കുക, താരതമ്യപ്പെടുത്തുക, ഒരേ സ്വഭാവം കാട്ടുന്നവയെ ഒന്നിച്ചെടുത്ത് പഠിക്കുക അതൊക്കെ ശാസ്ത്രത്തിന്റെ അടിസ്ഥാന കാര്യങ്ങളാണ് ഇന്നും. അങ്ങനെ പ്രകൃതിയിലുള്ള അടിസ്ഥാന വസ്തുക്കളെ തരം തിരിച്ച് ശാസ്ത്രീയമായി പട്ടികയാക്കിയതിന്റെ നൂറ്റമ്പതാം വാർഷികം ആഘോഷിക്കുകയാണ് ലോകമെമ്പാടും ഈ വർഷം. ആവർത്തന പട്ടികയുടെ നൂറ്റി അമ്പതാം വർഷം. അതിനെക്കുറിച്ച് വേറെ ഒരു ദിവസം കുറച്ചൂടെ കാര്യങ്ങള് അമ്മ പറഞ്ഞുതരാം. ഇന്നിപ്പോ അമ്മയ്ക്ക് കുറച്ചൂടെ ജോലികള് തീർക്കാനുണ്ട്."

കഥ മുഴുവൻ കേൾക്കാൻ കഴിയാതെ പോയതിന്റെ വിഷമം ഉണ്ടായിരുന്നെങ്കിലും അമ്മയെ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ലല്ലോ എന്നറിയാവുന്നതുകൊണ്ട് അവൻ മറ്റു കാര്യങ്ങളിലേക്ക് കടന്നു.







# മടക്കം











ഇ എൻ ഷീജ

ചിത്രീകരണം: കെ.സതീഷ്

വാക്കുകൾക്കു പകരം ചിത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇതാ ഒരു കഥ. കഥാപാത്രങ്ങളെല്ലാം ചിത്രങ്ങളാണ്. ചിത്രങ്ങൾക്ക് പകരം വാക്കുകൾ ഉപയോഗിച്ച് വായിച്ചുകൊടുക്കണേ...

 രാവിലെ  ൽ നിന്നിറങ്ങി. കയ്യിൽ ഒരു  യുമുണ്ട്.

"കാ കാ.. കാ കാ.. പശുക്കുട്ടീ.. നിൽക്ക്." മരത്തിലിരുന്ന  വിളിച്ചു പറഞ്ഞു .

"ഇതാ ഒരു  . നിനക്കു തരാനായി എടുത്തു വച്ചതാ."  തലകുലുക്കി..  വാങ്ങി  യിൽ വച്ചു. പതുക്കെ നടന്നു. "ഛിൽ ഛിൽ.. ഛിൽ ഛിൽ.. പശുക്കുട്ടീ.. ഒന്നു നിന്നേ" മരത്തിൽ നിന്ന്  ചാടിയോടി വന്നു. "ഇതാ, ഈ  നിനക്കാ.. നീയിന്നലെ തന്ന  യ്ക്ക് എന്തു സ്വാദായിരുന്നു."  തലകുലുക്കി ചിരിച്ചു.. എന്നിട്ട്  വാങ്ങി  യിൽ വച്ചു. അൽപം നടന്നതേയുള്ളൂ. തൊട്ടുമുന്നിലതാ  .. കയ്യിൽ വലിയൊരു  .  തുമ്പിക്കൈ ആട്ടി. "ദാ.. ഈ  അമ്മയ്ക്ക് കൊടുത്തേക്ക്.. "  ചിരിച്ചു. തലയാട്ടി.  വാങ്ങി  യിൽ വച്ചു. ഇനിയിപ്പോ എന്തിനാ ചന്തയിൽ പോകുന്നത്.. അമ്മ പറഞ്ഞ സാധനങ്ങളെല്ലാം കിട്ടിയല്ലോ.. ഇനി  ലേക്ക് മടങ്ങാം.  തിരിച്ചു നടന്നു.

വിരലിൽ പല നിറം മുക്കി, കടലാസിൽ
പതിച്ച് ചിത്രങ്ങളുണ്ടാക്കാൻ കുട്ടിയെ സഹായിച്ചുകൂടേ...
എന്നാൽ വരൂ നമുക്കൊന്നിച്ച് വരയ്ക്കാം.










# വരച്ചൂടെ...




**സൈജ എസ്**

ചിത്രീകരണം: വിപിൻ കെ നായർ


**ഈ കഥയിൽ എന്നോടൊപ്പം പൂക്കൾ, ആമി മോൾ, പൂച്ച, കാക്ക, കുഞ്ഞിക്കോഴി എന്നിവർ കൂടിയുണ്ട്. കഥയിൽ മിക്കയിടത്തും ചിത്രമായാണവർ വരുന്നത്. ചിത്രം നോക്കി കഥ വായിക്കൂ...**



**എന്റെ കൂടെ  പറിച്ചു വരികയായിരുന്നു  മോൾ. ഒപ്പം അവളുടെ  യും ഉണ്ടായിരുന്നു.  എന്നോട് ചോദിച്ചു ഈ  ളുടെ നിറം പറഞ്ഞുതരുമോ?**



**ഞാൻ  മോളോട് ചോദിച്ചു  ളുടെ നിറമെന്താണ്?**


** മോൾ വഴിയിൽ കണ്ട  യോട് ചോദിച്ചു. പൂച്ച  യോട് ചോദിച്ചു. കാക്ക  ളോട് തന്നെ ചോദിച്ചു. എന്താ നിങ്ങളുടെ നിറം?  ചിരിച്ചുകൊണ്ട് കാക്കയോട് പറയാതെ എന്റെ ചെവിയിൽ സ്വകാര്യം പറഞ്ഞു. ഞാൻ**

**പീക്കിരി.ഇൻ കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്. മുതിർന്നവർ ഇത് ശ്രദ്ധിക്കുമല്ലോ.**

 യോട് അത് പറഞ്ഞു. കുഞ്ഞിക്കോഴി  മോളോട് പറഞ്ഞു.

 മോൾ  യോട് പറഞ്ഞു. പൂച്ച  യോട് പറഞ്ഞു.

പിന്നെ ഞാനും  മോളും  യും  യും  യും

ഒന്നിച്ച് ആർത്തുവിളിച്ചു, നീല. അതുകേട്ട്  ചിരിച്ചു തലയാട്ടി.

**ഇനി നിങ്ങൾക്ക് എന്നെ ഒന്നു വരയ്ക്കാമോ?** ഒപ്പം നിങ്ങളേയും.

തള്ളവിരലിൽ നിറം മുക്കി കടലാസ്സിൽ പതിപ്പിച്ചു പേനകൊണ്ട് കണ്ണും മൂക്കും കാലും കൈയും മുടിയും വരച്ചാൽ ഞാനും നിങ്ങളുമായി. ഹായ്... വരയ്ക്കാല്ലേ! അതാ താഴെ ഒരു വെള്ളക്കള്ളി. അതിൽ വരക്കൂ...



'കല്യാണം കൂടാം സമ്മാനോം വാങ്ങാം' മെയ് 16 ലക്കത്തിലെ പ്രവർത്തനമായിരുന്നു. പങ്കെടുത്ത കൂട്ടുകാരുടെ മികച്ച രചനകൾ വായിക്കൂ...

# ഞാൻ കണ്ട കല്യാണം

**യു**റീക്കേ ഞാൻ പോയ കല്യാണം ഗംഭീരം. എന്റെ അയൽപ്പക്കത്തെ ചേച്ചിയുടേതായിരുന്നു. കല്യാണ തലേന്ന് രണ്ടു കൈയിലും വെറ്റില വച്ച് വമ്പൻ മൈലാഞ്ചി ഇടൽ. അതു കഴിഞ്ഞ് ഗംഭീരസദ്യ. രാവിലെ തന്നെ ദക്ഷിണ. എന്നിട്ട് അമ്പലത്തിലേക്ക്... മണ്ഡപം നിലവിളക്കും പഴവും ശർക്കരയും ഉണക്കമുന്തിരിയും കൊണ്ട് അലങ്കരിച്ചിട്ടുണ്ടാവും. മണവാളൻ മണ്ഡപത്തിൽ വന്നിരിക്കുമ്പോൾ മണവാട്ടി പഴത്താലത്തിൽ കണ്ണാടി വച്ചുകൊണ്ട് വരും. പുറകിൽ പൂത്താലവും കൊണ്ട് കുട്ടികൾ. പിന്നെ പൂമാല അങ്ങോട്ടും ഇങ്ങോട്ടും ഇടും. അതുകഴിഞ്ഞ് താലികെട്ട്. പിന്നെ ഓഡിറ്റോറിയത്തിലേക്ക്. ഒടുവിൽ സങ്കടത്തോടെ മണവാട്ടിയെ പറഞ്ഞയയ്ക്കും. ഞങ്ങൾക്ക് താങ്ക്സ് കാർഡും മിഠായിയും കിട്ടി. എനിക്ക് സന്തോഷമായി. പിന്നെ ഞങ്ങൾ തിരിച്ചു.

പണ്ടുകാലത്ത് ഇന്നുള്ള ബ്യൂട്ടിപാർലർ ഒന്നുമില്ല. തനിയെ ഒരുങ്ങി ഒരു താലികെട്ട് അത്രേ ഉള്ളൂ. പിന്നെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോവൽ. അത്രേ ഉള്ളൂ. ആരോ പറഞ്ഞു.

**ഭദ്ര പി.എസ്,** പുത്തരപുരയിൽ ഹൗസ്, എടയപ്പുറം, ആലുവ–1



# പുതിയ കല്യാണം

**ഞാ**ൻ ഇയ്യിടെ പോയ ഒരു കല്യാണത്തിന്റെ കാര്യം പറയാം.

എല്ലാ കല്യാണങ്ങളും പോലെയൊരു ന്യൂജെൻ കല്യാണം. കയറിച്ചെല്ലുമ്പോൾ തന്നെ പൊരിച്ചതും പൊരിക്കാൻ തയ്യാറായുമിരിക്കുന്ന കുറേ എണ്ണ പലഹാരങ്ങൾ. അതിനു ചുറ്റും ഏത് കഴിക്കണമെന്നറിയാതെ പരക്കം പായുന്ന അതിഥികൾ.

മറ്റൊരിടത്ത് വിവിധ തരത്തിലുള്ള ഐസ്ക്രീമുകൾ. ഇവിടെ കുട്ടികളുടെ നിരയാണ്. ഇതൊക്കെ കഴിഞ്ഞ കല്യാണസ്ഥലത്തേക്ക് കയറിക്കഴിഞ്ഞാലോ കൂവലിന്റെയും ആർപ്പുവിളിയുടെയും മുഴക്കം.

പണ്ട് കുടുംബങ്ങളുടെ ഒത്തുചേരലായിരുന്നു കല്യാണം. ഇന്ന് പണവും ആസ്തിയും വിളിച്ചുപറയുവാനുള്ള ഒരു മാർഗം മാത്രം.

**സുമയ്യ എസ്,** നെടുവിള തെക്കതിൽ, കടപ്പ, മൈനാഗപ്പള്ളി, കൊല്ലം.

സമ്മാനം

# ഒരു കല്യാണത്തിന്റെ കഥ

**രാ**വിലെത്തന്നെ അണിഞ്ഞൊരുങ്ങി, കല്യാണം നടക്കുന്ന ഓഡിറ്റോറിയത്തിലെത്തി. ഓഡിറ്റോറിയത്തിന്റെ അകം ശീതീകരിച്ചതായിരുന്നു. പുറത്ത് പലതരം ഫ്രഷ് ജ്യൂസുകളുണ്ടാ യിരുന്നു. എന്നാൽ ജ്യൂസിന്റെ പ്ലാസ്റ്റിക് ഗ്ലാസുകൾകൊണ്ട് ഓഡിറ്റോറിയത്തിൽ ശരിക്കും നടക്കാൻ സാധിക്കുന്നില്ല. ഞങ്ങൾ എത്തിയപ്പോഴേക്കും ഓഡിറ്റോറിയം നിറഞ്ഞിരുന്നു. വളരെ പിന്നിലാണ് സീറ്റ് കിട്ടിയത്.

സ്റ്റേജ് നല്ല ഭംഗിയിൽ അലങ്കരിച്ചിരുന്നു. വധുവിന്റെ അമ്മ നെല്ല് വലിയ പറയിലേക്ക് നിറച്ചു. ഒരു വലിയ പാത്രത്തിൽ കുറേ പഴങ്ങളുമുണ്ടായിരുന്നു. കുറേ ചേച്ചിമാർ താലമെടുത്തു. ചെണ്ടയും മദ്ദളവും നാദസ്വരവും എല്ലാം ഉണ്ട്. പിന്നെ കുറേ ക്യാമറക്കാരും. ഇവർ കാരണം സ്റ്റേജിൽ നടക്കുന്നതെന്തെന്ന് പോലും വ്യക്തമായില്ല. ആദ്യം വരനെ കൊണ്ടുവന്നു. പിന്നെ വധുവിനേയും. താലികെട്ടി, പരസ്പരം മാലയിട്ടു, ബൊ ക്കെ കൈമാറി. വധുവിന്റെ കഴുത്തിൽ വേണ്ടതിലധികം ആഭരണങ്ങളുണ്ടായിരുന്നു. ഇത്രയും ആഭരണങ്ങൾ ധരിച്ചാൽ ഇതൊരു ഭാരമാകില്ലേ എന്ന് എനിക്ക് തോന്നി.

സദ്യകഴിക്കാനായി വലിയ ഹാളിലേക്ക് പ്രവേശിച്ച

# ഗാനമേള നന്നായി

കല്യാണത്തിന് എന്നത്തേയും പോലെ തന്നെ ആഹാരസമയത്ത് തിക്കും തിരക്കും. ഇടിയപ്പം, അപ്പം, പിന്നെ ബിരിയാണി, പക്ഷേ, എല്ലാത്തിനും കറി ഇറച്ചി തന്നെ യായിരുന്നു. വേവാത്തതും കടിച്ചാൽ പൊട്ടാത്തതുമായ കഷ്ണങ്ങൾ അതു സഹിച്ച് കഴിച്ചു. അത് കഴിഞ്ഞ് ഐസ്ക്രീം. നല്ല തിരക്കായിരുന്നു. ജനം കൂടിയിട്ട് ആ തട്ട് മറിക്കുന്ന അവസ്ഥ. ഞാൻ കഴിച്ചില്ല.

ആകെപ്പാടെ ഞാൻ ആസ്വദിച്ചത് അവിടുത്ത ഗാനമേളയാണ്. അത് ഒരു യമണ്ടൻ ഗാനമേളയായിരുന്നു. ഇപ്പോഴത്തെ ഫ്രീക്ക് പാട്ടല്ല. അലിയുന്ന പഴയ മധുരഗാനങ്ങൾ. അത് മാത്രം ഞാൻ അലിഞ്ഞുചേർന്ന് ആസ്വദിച്ചു.

ഇനി ഞാൻ പണ്ടത്തെ കല്യാണങ്ങളിൽ നിന്നുള്ള വ്യത്യാസത്തിലേക്ക് കടക്കട്ടെ... പോയ്ന്റായിട്ടു പറയാം.

പണ്ടത്തെ കല്യാണം വീട്ടിൽ പന്തലിട്ടാണ് നടത്തിയിരുന്നത്. ഇപ്പോൾ അതിന് പകരം ഹാളിൽ ആണ്.

പണ്ട് ആഹാരം വീട്ടുകാരെല്ലാം ഒത്തൊരുമിച്ച് ആഘോഷിച്ച് പാകം ചെയ്യുകയാണെങ്കിൽ ഇപ്പോൾ കാറ്ററിങ്ങുകാരെ ഏൽപ്പിക്കുകയാണ്.

പണ്ട് ആഹാരത്തിന് ശേഷം പഴവും പായസവുമാണെങ്കിൽ ഇന്ന് ഐസ്ക്രീം ആണ്.

പണ്ട് ഇലയിൽ വിളമ്പുകയാണെങ്കിൽ ഇന്ന് പ്ലേറ്റിൽ ആണ്.

പണ്ട് ആഘോഷത്തിന് വെടിക്കെട്ടും പൂത്തിരിയും ആണെങ്കിൽ ഇന്ന് മദ്യമാണ്.

പായസത്തിന്റെ മാധുര്യമുള്ള സമ്മാനത്തിനു വേണ്ടി കാത്തിരിക്കുന്നു.

**റോഷൻ റോയൽ ജോയി,** കെഴക്കേപ്പുറത്ത് ഹൗസ്, കുന്നക്കാൽ പി.ഒ. വാളകം.

---

ഷോൾ അവിടത്തെ തിരക്ക് കാരണം ഭക്ഷണം കഴിക്കണ്ട എന്നുവരെ തോന്നിപ്പോയി. അത്രയും വലിയ തിരക്ക്. വാതിൽ തുറന്നശേഷം ആളുകൾ തിക്കിത്തിരക്കി സീറ്റുപിടിക്കാനായി നെട്ടോട്ടം ഓടുന്നു. ഒടുവിൽ ഞങ്ങൾക്കും സീറ്റ് കിട്ടി. വളരെ വിഭവസമൃദ്ധമായ സദ്യ. മൂന്നുതരം പായസം. എന്തിനാ ഇത്ര അധികം. എനിക്ക് മുഴുവൻ കഴിക്കാൻ സാധിച്ചില്ല. സദ്യ കഴിച്ചതിന് ശേഷം കൈ കഴുകാൻ പോയപ്പോൾ അവിടെയും തിരക്ക്. പിന്നെ കുറച്ചപ്പുറത്ത് വെറ്റിലയും ചുണ്ണാമ്പും പാക്കും എല്ലാമുണ്ടായിരുന്നു. ഞാൻ ആരും കാണാതെ ഒരു പാക്കെടുത്തു. ആളുകളെ നിയന്ത്രിക്കാനാവാതെ സെക്യൂരിറ്റിക്കാർ നിരന്തരം വിസിൽമുഴക്കിക്കൊണ്ടേയിരുന്നു.

സദ്യയ്ക്ക് എത്ര വിഭവങ്ങളാണ്? അതുപോലെ വെള്ളം കുടിക്കാൻ പ്ലാസ്റ്റിക് ബോട്ടിലുകളും. വേസ്റ്റ്ബിൻ ഉണ്ടെങ്കിലും ആളുകൾ നിലത്ത് വലിച്ചെറിയുകയാണ്. ഞാൻ വേസ്റ്റ് ബോക്സിൽ തന്നെ നിക്ഷേപിച്ചു. പ്ലാസ്റ്റിക്കിന്റെ ഉപയോഗമെങ്കിലും കുറയ്ക്കാമാ യിരുന്നു എന്ന് എനിക്ക് തോന്നി.

കല്യാണം എനിക്ക് രസകരമായി തോന്നിയെങ്കിലും ഇത്രയും ആർഭാടം എന്തിനാണ്.

"എന്റെ കല്യാണം ഇങ്ങനെയൊന്നും നടത്തണ്ടാട്ടോ." എന്ന് അച്ഛനോട് വരുമ്പോൾ പറഞ്ഞു. അപ്പോൾ അച്ഛൻ പറഞ്ഞു. "നിന്റെ കല്യാണം തന്നെ നടത്തുന്നില്ല്യാന്ന്!"

**നിവേദിത ജെ,** 6 ഇ, ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്, കൂറ്റനാട്, പാലക്കാട് –679533

---

## ചർച്ച തുടർന്നാലോ

കൂട്ടുകാരുടെ കല്യാണ അനുഭവങ്ങൾ വായിച്ചല്ലോ. നിങ്ങൾക്കും ചില അഭിപ്രായങ്ങൾ തോന്നുന്നില്ലേ. കല്യാണങ്ങൾക്ക് ആർഭാടവും ധൂർത്തും കുറയ്ക്കാൻ കഴിയില്ലേ. എന്തൊക്കെ ചെയ്യാൻ കഴിയും? മാതൃകാപരമായ ഒരു കല്യാണം എങ്ങനെയായിരിക്കണം. എല്ലാവരും എഴുതൂ. നമുക്കിതൊരു ചർച്ചയാക്കി മാറ്റാം.

യുറീക്കാ മാമൻ

ഓർമ യുറീക്ക@50

യുറീക്ക പ്രസിദ്ധീകരണത്തിന്റെ
അമ്പതാം വർഷത്തിലേക്ക് പ്രവേശിച്ചു.
പിന്നിട്ട വർഷങ്ങളിലെ ചില മികച്ച
രചനകൾ വായനക്കാർക്ക്
പരിചയപ്പെടുത്തുകയാണ് ഈ
സന്തോഷവേളയിൽ.
2002 ഫെബ്രുവരി ലക്കത്തിലെ
ഒരു ചിത്രകഥയാണ് ഇത്തവണ

# കുടയെന്തിനാ?

കഥ : രാമകൃഷ്ണൻ കുമരനല്ലൂർ

ചിത്രീകരണം: കെ.സതീഷ്



വെറുതെ നടക്കാനിറങ്ങിയ കുഞ്ഞനെലിക്ക് വളഞ്ഞ കാലുള്ള ഒരു കുഞ്ഞിക്കുട കിട്ടി.

“കുഞ്ഞന് കുടയെന്തിനാ?” മുയൽക്കുട്ടൻ ചോദിച്ചു.

“കുത്തി നടക്കാനാ.” കുഞ്ഞനെലി പറഞ്ഞു.



എലി നടന്നുനടന്ന് ഒരു പാടവരമ്പത്തെത്തിയതും ആകാശം കറുത്തിരുണ്ടു.

“കുഞ്ഞന് കുടയെന്തിനാ?” പുൽച്ചാടി ചോദിച്ചു.

“മഴ കൊള്ളാതെ നടക്കാനാ.” കുഞ്ഞൻ പറഞ്ഞു.



പെട്ടെന്നാണ് തിരിഞ്ഞു തിരിഞ്ഞൊരു കാറ്റു വന്നത്.

“കുഞ്ഞന് കുടയെന്തിനാ?” കാക്ക ചോദിച്ചു.

“എനിക്ക് പറക്കാനാ.” കുഞ്ഞനെലി പറഞ്ഞു.



കുട  പറന്നുപറന്ന് ഒരു മരക്കൊമ്പിൽ കൊളുത്തിയതും മഴ തോർന്നു.

“കുഞ്ഞന് കുടയെന്തിനാ?”

മരക്കൊമ്പിൽ പറ്റിപ്പിടിച്ചിരുന്ന അണ്ണാൻ ചോദിച്ചു.

“എനിക്ക് ഊഞ്ഞാലാടാനാ.” കുഞ്ഞൻ പറഞ്ഞു.

കാറ്റുനിന്നപ്പോൾ കുഞ്ഞൻ കുട ചുരുക്കി താഴത്തിറങ്ങി.



പോകുന്ന വഴിയിൽ കരകയറാനാകാതെ പാടുപെടുന്ന ഉറുമ്പുകളെ കുഞ്ഞൻ കണ്ടു.

നീർക്കോലി ചോദിച്ചു. “കുഞ്ഞന് കുടയെന്തിനാ?”

“കൂട്ടുകാരെ രക്ഷിക്കാനാ.” കുഞ്ഞനെലി പറഞ്ഞു.






മാളത്തിലേക്കുള്ള വഴിയിൽ നിറയെ വെള്ളം.

“കുഞ്ഞന് കുടയെന്തിനാ?” തവള ചോദിച്ചു.

“ഇതെന്റെ പാലമാ.” കുഞ്ഞൻ പറഞ്ഞു.



മാളത്തിലെത്തിയപ്പോൾ മുയൽ ചോദിച്ചു : “കുഞ്ഞന് കുടയെന്തിനാ?”

“എന്തിനാ കുട? എനിക്കെന്തിനാ കുട? ഇനി ഇത് നീയെടുത്തോ.”

# മണിമുത്തുകൾ

ആശയം, ചിത്രീകരണം:
കെ.സതീഷ്





Volume 41 No. 5 Eureka 2019 August 1, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sastra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.

www.ksfe.com

അഭിമാനത്തിന്റെ 50 വർഷങ്ങൾ

KSFE

# സുവർണ്ണ ജൂബിലി ചിട്ടികൾ 2019

## ചിട്ടിയിൽ ചേരൂ.... സമ്മാനങ്ങളുമായി മടങ്ങൂ...



**ബംബർ സമ്മാനം***

**50** പവൻ സ്വർണ്ണം (ഒരാൾക്ക്)

അഥവാ പരമാവധി **12** ലക്ഷം രൂപ

**2-ാം സമ്മാനം*** ആകെ

**250** പവൻ സ്വർണ്ണം **50** പേർക്ക്

**3-ാം സമ്മാനം***

ചിട്ടിയിൽ ചേരുന്ന എല്ലാ ഇടപാടുകാർക്കും കെ എസ് എഫ് ഇ യുടെ പ്രത്യേക സുവർണ്ണ ജൂബിലി ഉപഹാരം

*നിബന്ധനകൾക്ക് വിധേയം

### കെ.എസ്.എഫ്.ഇ സുവർണ്ണ ജൂബിലി 2019 ചിട്ടിയിൽ ചേരുന്ന വിശ്വസ്ത വരിക്കാർക്ക് ഞങ്ങൾ നല്കുന്ന ആനുകൂല്യങ്ങൾ*

1. ചിട്ടിതവണകൾ മുടക്കം വരുത്താതെ കാലാവധി തീരും വരെ കൃത്യമായി അടക്കുന്നവർക്ക്, പ്രോത്സാഹനമായി ചിട്ടി തീരുമ്പോൾ അവസാന തവണസംഖ്യയ്ക്ക് സമാനമായ തുക, പുതിയ ചിട്ടി ചേരുന്നതിലേക്കായി ലഭിക്കുന്നു (പരമാവധി 25000 രൂപ വരെ)
2. കൃത്യമായി ചിട്ടിയടവ് നടത്തികൊണ്ടിരിക്കെ ചിട്ടിവിളിച്ച ചിറ്റാളൻമാർ ദൗർഭാഗ്യവശാൽ മരണപ്പെട്ടാൽ പരമാവധി 10 ലക്ഷം രൂപ വരെയുള്ള ബാധ്യത എഴുതിതള്ളുന്നു.
3. 2019 ജൂൺ 15നും 2020 മാർച്ച് 31നും ഇടയിൽ കാലാവധി അവസാനിക്കുന്ന ചിട്ടികളിൽ, എല്ലാ തവണകളിലും മുടക്കം വരുത്താതെ പണമടച്ചിട്ടുള്ള വരിക്കാർക്ക് ചിട്ടി തീരുന്ന മുറയ്ക്ക്, അവസാന തവണ സംഖ്യയ്ക്ക് സമാനമായ തുക, പുതിയ ചിട്ടി ചേരുന്നതിലേക്കായി ലഭിക്കുന്നു (പരമാവധി 25000 രൂപ വരെ)
4. ചിട്ടി കിട്ടാത്തവർക്ക് ചിട്ടിവായ്പയ്ക്ക് സൗകര്യം

എന്നെന്നും ഇടപാടുകാർക്കൊപ്പം...

G.O.(Rt) No.428 /2019 / TAXES dt 18/06/2019

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
രജി. ഓഫീസ്: 'ഭദ്രത', മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Fax: 0487-2336232, email: mail@ksfe.com

grafcreative.in

Date of Publication : 25/7/2019 **EUREKA** Price : ₹ 17.00

ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20
License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20
Registered with the Newspaper Registrar of India under No:29524/78







Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES
SANDALS & BACKPACKS